പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## മുപ്പത്തിയേഴാമത് റിപ്പോർട്ട്

(2015 ജൂലൈ മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**മുപ്പത്തിയേഴാമത് റിപ്പോർട്ട്**

(2015 ജൂലൈ മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05 മുതൽ 2006-07 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്**

875/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 34 |
| അനുബന്ധം II : സർക്കാരിൽനിന്നുള്ള മറുപടി | .. | 43 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്യുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതി (2014-2016)-യുടെ മുപ്പത്തിയേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (2004-05 മുതൽ 2006-07 വരെയുള്ള വർഷങ്ങളിലെ) ഉൾപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 ജൂലൈ മാസം 15-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ജൂലൈ 23.

# റിപ്പോർട്ട്

## മലപ്പുറം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ

## മങ്കട ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**സംരംഭങ്ങൾ ആരംഭിച്ചില്ല: വ്യവസായ വികസന പ്ലോട്ട് പദ്ധതി വിഫലമായി**

**(2003-04 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3-1)**

വ്യവസായ വികസന പ്ലോട്ട് അനുവദിക്കുന്നതിനായി രൂപീകരിച്ച കരാർ പ്രകാരം സംരംഭങ്ങൾ ആരംഭിക്കുകയോ സൗകര്യങ്ങൾ ഒരുക്കുകയോ ചെയ്യാത്തതുമൂലം പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല.

അനുവദിച്ച 34 വ്യവസായ വികസന പ്ലോട്ടുകളിൽ 18 എണ്ണവും ചെലവ് ചെയ്ത് ഏഴാം വർഷവും ഉദ്ദേശലക്ഷ്യം കൈവരിക്കാതെ സംരംഭകരുടെ കൈവശം ഇരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. നിയമാനുസൃതമായി തയ്യാറാക്കിയ കരാർ പ്രകാരം സ്ഥലം അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ (കാലാവധി ദീർഘിപ്പിക്കുന്നില്ലെങ്കിൽ) വ്യവസായം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്തിന് സ്ഥലം തിരികെയെടുക്കാവുന്നതാണ്. പ്ലോട്ട് അനുവദിക്കപ്പെട്ടവർ ഉടമ്പടിക്ക് വിരുദ്ധമായി പ്രവർത്തിച്ചിട്ടും ബ്ലോക്ക് പഞ്ചായത്ത് യാതൊരുവിധ നടപടികളും എടുത്തതായി കാണുന്നില്ല. അതിനാൽ ഈ വിഷയത്തിൽ ഭരണ വകുപ്പ് അന്വേഷണം നടത്തുകയും പ്രോജക്ടനുസരിച്ച് യൂണിറ്റുകൾ ആരംഭിക്കാത്തവർക്കെതിരെ നടപടിയും അർഹരായവർക്ക് പ്ലോട്ട് റീ-അലോട്ട് ചെയ്യുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്. ഓഡിറ്റ് ഖണ്ഡിക നമ്പർ 2.61.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായമാരാഞ്ഞതിന് ആകെയുള്ള 34 പ്ലോട്ടുകളിൽ 25 പ്ലോട്ടുകളിലായി 13 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചതായും മറ്റുള്ള 9 പ്ലോട്ടുകളിലെ 5 യൂണിറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണെന്നും ഗ്രാമവികസന കമ്മീഷണർ മറുപടി നല്കി. 1997-1998-ൽ വിലയ്ക്ക് വാങ്ങിയ സ്ഥലം 34 പ്ലോട്ടുകളായി 2000-2001 വർഷത്തിൽ വ്യവസായ സംരംഭകർക്കായി അനുവദിച്ചു തുടങ്ങിയെന്നും 20 ശതമാനം തുക മുൻകൂറായും ബാക്കിയുള്ളത് പത്ത് തുല്യഗഡുക്കളായി 6% വാർഷിക പലിശസഹിതം ഓരോ വർഷവും അടച്ചു തീർക്കണമെന്നുള്ള വ്യവസ്ഥയിലുമാണ് പ്ലോട്ടുകൾ അനുവദിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

2. പ്രസ്തുത വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ബോധ്യപ്പെടുത്തിയിട്ടില്ലായെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ മറുപടി നല്കി.

3. നേരത്തെ കൊടുത്ത മറുപടി തൃപ്തികരമല്ലാത്തതിനാൽ ഇതു സംബന്ധിച്ച് വീണ്ടും യോഗം ചേരുകയും വിഷയം വിശദമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ടെന്ന് ഗ്രാമവികസന കമ്മീഷണർ വ്യക്തമാക്കി.

4. കരാർവ്യവസ്ഥ പ്രകാരമുള്ള തുകയുടെ തിരിച്ചടവ് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് രണ്ടു പ്ലോട്ടുകളുടെ സംരംഭകരൊഴിച്ച് ബാക്കിയുള്ള സംരംഭകർ തുക തിരിച്ചടച്ചതായി മങ്കട ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ മറുപടി പറഞ്ഞു. തുക അടയ്ക്കണമെന്നാവശ്യപ്പെട്ട് ടി യൂണിറ്റുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ആറുമാസത്തിനുള്ളിൽ തുക അടയ്ക്കാത്തപക്ഷം പ്ലോട്ടുകൾ തിരിച്ചെടുക്കുമെന്ന് സംരംഭകരെ നേരിട്ടറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്ഥലത്തിന് ഇൻഡസ്ട്രീസ് എസ്റ്റേറ്റായി അംഗീകാരം ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്നും സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള കാലതാമസത്തിന് പ്രധാന കാരണം ഇതാണെന്നും മങ്കട ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

5. ഒരു യൂണിറ്റിന് തീപിടിച്ചതിനെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് അതിന് ഇൻഷ്വറൻസ് സംരക്ഷണം ഉണ്ടെന്നും അതിന്റെ പുനരുദ്ധാരണം നടക്കുകയാണെന്നും 4 മാസത്തിനുള്ളിൽ പ്രസ്തുത യൂണിറ്റ് പ്രവർത്തിപ്പിക്കാൻ കഴിയുമെന്നും വിശദീകരിച്ചു.

6. എല്ലാ യൂണിറ്റുകളും പ്രവർത്തനം ആരംഭിച്ചു എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു. സമിതി മുമ്പാകെ നല്കിയ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

**7. വ്യവസായ വികസനത്തിനായി അനുവദിച്ച 34 പ്ലോട്ടുകളിൽ 25 പ്ലോട്ടുകളിലായി 13 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചതായും അവശേഷിക്കുന്ന പ്ലോട്ടുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണെന്നുമുള്ള സർക്കാർ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മക്കരപ്പറമ്പ് മാർക്കറ്റ്: പണി പൂർത്തിയായില്ല: 15.37 ലക്ഷം പാഴ്ചെലവ്**

**(2003-04 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3-7)**

2000-01-ൽ നിർമ്മാണം ആരംഭിച്ച മക്കരപ്പറമ്പ് മാർക്കറ്റ് ഇതുവരെ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. നിർമ്മാണത്തിന് ചെലവ് ചെയ്ത 15,36,999 രൂപ പാഴ്ചെലവായി.

മാർക്കറ്റ് നിർമ്മാണം സംബന്ധിച്ച് ഹാജരാക്കിയ ഫയലിൽ നികുതിയടക്കം 9,08,565 രൂപ മൂല്യനിർണ്ണയം രേഖപ്പെടുത്തി ഒരു ഭാഗിക ബിൽ മാത്രമാണുള്ളത്. തുടർന്ന് ബിൽ തയ്യാറാക്കാതെയാണ് തുക നൽകിയത്. അളവുകൾ രേഖപ്പെടുത്തി ചെക്ക് മെഷർ ചെയ്യാതെ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം 15,36,999 രൂപ അനുവദിച്ച സെക്രട്ടറിയുടെ നടപടി ക്രമവിരുദ്ധമാണ്. അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകൾ പരിശോധിച്ചതിൽ ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം 10,76,139 രൂപ മാത്രമാണെന്നു കാണുന്നു. ഈ സാഹചര്യത്തിൽ അധികം നൽകിയ 4,60,860 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

മാർക്കറ്റ് നിർമ്മാണത്തിന് 15-11-2000 മുതൽ 17-9-2001 വരെ 15,36,999 രൂപ ചെലവഴിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവർത്തനം തുടങ്ങുകയോ പദ്ധതി ലക്ഷ്യം കൈവരിക്കുകയോ ചെയ്തിട്ടില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സാമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.61.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

8. മക്കരപ്പറമ്പ് മാർക്കറ്റ് പണി പൂർത്തിയാക്കാത്തതിനാൽ 15.37 ലക്ഷം രൂപ പാഴ്ചെലവ് വന്നതിനെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ ഒരു മുറിമാത്രം നിലനിർത്തിക്കൊണ്ട് ബ്ലോക്കിലെ എസ്.ജി.എസ്.വൈ., ഐ.ആർ.ഡി.പി. യൂണിറ്റുകളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ഭാവി പ്രവർത്തനങ്ങൾക്കുമായി പ്രസ്തുത കെട്ടിടം ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നതാണെന്നും 2009-2010, 2010-2011 വാർഷിക പദ്ധതികളിൽ ഫ്ളോറിംഗിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും അവ നടപ്പിലായിട്ടില്ലെന്നും തുടർ പ്രോജക്ടുകളിലും അനുബന്ധ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുകൊണ്ടാണ് ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തത് എന്നുമുള്ള റിപ്പോർട്ടാണ് ലഭ്യമായിരിക്കുന്നതെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

9. ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്താണ് നിർമ്മിച്ചിരിക്കുന്നതെന്നും ഇതിന്റെ നിർമ്മാണം പൂർത്തിയായപ്പോൾ ബ്ലോക്ക് പഞ്ചായത്തിന് ഒരു മുറി നിലനിർത്തിക്കൊണ്ടുതന്നെയാണ് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളതെന്നും അതിനുശേഷം ഫ്ളോറിംഗിന്റെ കാര്യങ്ങളും മറ്റ് പ്രവൃത്തികളും ഉൾപ്പെടുന്ന കുറച്ച് ജോലി ബാക്കിയുണ്ടായിരുന്നുവെന്നും അതിനായി ഗ്രാമപഞ്ചായത്ത് രണ്ട് പ്രോജക്ടുകൾ തയ്യാറാക്കിയെങ്കിലും അത് ചെയ്യാൻ സാധിച്ചില്ലെന്നും മാലിന്യ നിർമ്മാർജ്ജനത്തിന് സൗകര്യമുണ്ടാക്കിയാൽ മാത്രമേ മാർക്കറ്റ് പ്രവർത്തനക്ഷമമാക്കാൻ കഴിയുകയുള്ളൂവെന്നതിനാൽ പലതവണ ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ തയ്യാറാക്കി യെങ്കിലും ആയത് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. തൻനിമിത്തമാണ് കെട്ടിടം ഇതുവരെയും ഉപയോഗപ്രദമാക്കാൻ സാധിക്കാത്തതെന്ന് മങ്കട ബി.ഡി.ഒ. വ്യക്തമാക്കി. മാർക്കറ്റിനായി നിർമ്മിച്ച കെട്ടിടത്തിനു സമീപം ട്രഷറിക്കാവശ്യമായ ഒരു കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം കൈമാറുന്നതിന് ഗ്രാമപഞ്ചായത്ത് പിന്നീട് തീരുമാനിച്ചിട്ടുള്ളതിനാൽ ട്രഷറി കെട്ടിടത്തിന്റെ സ്കെച്ച് സർക്കാരിൽനിന്ന് അംഗീകരിച്ച് കിട്ടിയശേഷം മാത്രമേ മാർക്കറ്റ് തുടങ്ങാൻ സാധിക്കുകയുള്ളൂ എന്നാണ് ഗ്രാമപഞ്ചായത്തിന്റെ നിലപാടെന്നും ബി.ഡി.ഒ. കൂട്ടിച്ചേർത്തു.

10. അളവുകൾ രേഖപ്പെടുത്തി ചെക്ക് മെഷർമെന്റ് ചെയ്യാതെ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ സാക്ഷ്യപത്രം മാത്രം അടിസ്ഥാനപ്പെടുത്തി 15,36,999 രൂപ അനുവദിച്ച സെക്രട്ടറിയുടെ നടപടി ക്രമവിരുദ്ധമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

11. മെഷർമെന്റ് ബുക്കിൽ ചെക്ക് മെഷർമെന്റ് ഉണ്ടെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതായി മങ്കട ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

12. ഓഡിറ്റ് പരാമർശം വന്നതിനുശേഷം മുൻ തീയതി വച്ച് എന്നുള്ളത് യാഥാർത്ഥ്യമാണെന്നും ആയത് തിരിമറിയാണെന്നും സമിതി ചൂണ്ടിക്കാട്ടി. ആയതിന്റെ നിജസ്ഥിതിയെപ്പറ്റി സർക്കാർ പരിശോധിക്കുകയും കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് എത്രയുംവേഗം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

13. ആരൊക്കെയാണ് ഇതിന്റെ ഗുണഭോക്താക്കൾ എന്നും ഇതിൽ പരാമർശിക്കുന്ന ട്രഷറിയുടെ കാര്യം എന്താണെന്ന് വ്യക്തമാക്കാമോ എന്നും സമിതി ആരാഞ്ഞതിന് ബ്ലോക്ക് പരിധിയിൽ വരുന്ന എസ്.സി./എസ്.ടി. വിഭാഗമാണ് ഇതിന്റെ ഗുണഭോക്താക്കൾ എന്നും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുകയാണ് പ്രധാനലക്ഷ്യം എന്നും മങ്കട ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

14. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഇങ്ങനെയൊരു കെട്ടിടം നിർമ്മിക്കണമെന്ന് തീരുമാനിച്ചത് പഞ്ചായത്ത് സമിതിയാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി കെട്ടിടത്തിന്റെ 70%-വും പൂർത്തിയാക്കിയ സ്ഥിതിക്ക് ട്രഷറിക്കുള്ള കെട്ടിടനിർമ്മാണത്തിന്റെ പേരിൽ ഈ കെട്ടിടം അതേ രീതിയിൽ അവശേഷിപ്പിച്ചതിൽ എന്ത് യുക്തിയാണുള്ളതെന്ന് ആരാഞ്ഞു. അങ്ങനെയല്ലായെന്നും എസ്.ജി.എസ്.വൈ.-യിലൂടെ ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി ലഭ്യമാക്കി കൊടുക്കണമെന്ന് അന്നത്തെ പഞ്ചായത്ത് ബോർഡ് തീരുമാനിക്കുകയും പിന്നീടുവന്ന ഗ്രാമപഞ്ചായത്ത് സമിതി പ്രസ്തുത സ്ഥലം ട്രഷറിക്ക് വിട്ടുകൊടുക്കുവാൻ തീരുമാനിക്കുകയാണ് ചെയ്തതെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

15. മക്കരപ്പറമ്പ് മാർക്കറ്റിനോട് ചേർന്നുള്ള സ്ഥലത്ത് വാടകക്കെട്ടിടത്തിലാണോ സബ്ട്രഷറി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും ആയതിനോടനുബന്ധിച്ച് മാർക്കറ്റിന്റെ പണികൾ നിർത്തിവയ്ക്കാൻ ഗവൺമെന്റ് ഉത്തരവ് നൽകിയിട്ടുണ്ടോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് വാടകക്കെട്ടിടത്തിലല്ല ട്രഷറി പ്രവർത്തിപ്പിക്കുവാനുദ്ദേശിക്കുന്നതെന്നും പരാമർശവിധേയമായ കെട്ടിടത്തോടുചേർന്ന് ജലവിഭവ വകുപ്പിന്റെ സ്ഥലത്ത് കെട്ടിടം നിർമ്മിച്ചാണ് ട്രഷറി പ്രവർത്തിപ്പിക്കുന്നതെന്നും മാർക്കറ്റിന്റെ പണി നിർത്തിവയ്ക്കണമെന്നത് ഗ്രാമപഞ്ചായത്തിന്റെ തീരുമാനമാണെന്നും എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാനാണ് ബ്ലോക്ക് പഞ്ചായത്ത് നിർദ്ദേശിച്ചിരിക്കുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

16. മാർക്കറ്റ് നിർമ്മിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും അതിന്റെ പണി ഏകദേശം പൂർത്തീകരിക്കുകയും ചെയ്തതിനുശേഷം, അവിടെ ഒരു സബ്ട്രഷറി വരുന്നുവെങ്കിൽ അത് മാർക്കറ്റിന്റെ പ്രവർത്തനത്തെ എങ്ങനെയാണ് ബാധിക്കുന്നതെന്നും ട്രഷറിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഗവൺമെന്റല്ലേ നോക്കേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടതിന് ഇതിന്മേൽ തീരുമാനമെടുക്കേണ്ടത് ഗ്രാമപഞ്ചായത്തായതിനാലും അതിനോട് ചേർന്ന കുറേ ഭാഗം ഈ പ്ലോട്ടിലേക്ക് കയറി വരുന്നതിനാലും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പ്രസിഡന്റും ഇക്കാര്യം പലതവണ ചർച്ച ചെയ്തിരുന്നെന്ന് മങ്കട, ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

17. ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത കെട്ടിടം പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറുമ്പോൾ ഇക്കാര്യം പറഞ്ഞിരുന്നോ എന്നും ഇത് ഗ്രാമപഞ്ചായത്തിന്റെ സ്ഥലമാണോ എന്നും സമിതി ആരാഞ്ഞതിന് ടി സ്ഥലം ഗ്രാമപഞ്ചായത്തിന്റേതാണെന്നും ആയത് ഗ്രാമപഞ്ചായത്തിന് കൈമാറുമ്പോൾ ഇത്തരത്തിലുള്ള യാതൊരു തീരുമാനവു മുണ്ടായിരുന്നില്ലെന്നും അതിനുശേഷം വന്ന പഞ്ചായത്ത് സമിതിയാണ് ഇത്തരമൊരു തീരുമാനമെടുത്തിരിക്കുന്നതെന്നും മങ്കട ബി.ഡി.ഒ. മറുപടി പറഞ്ഞു.

18. പ്രസ്തുത കെട്ടിടം അടിയന്തരമായി പൂർത്തിയാക്കണമെന്നും അതിന്റെ പൂർണ്ണമായിട്ടുള്ള പ്രവർത്തനാവസ്ഥയിലേക്ക് കൊണ്ടുവരണമെന്നുമുള്ള ഒരു നിർദ്ദേശം കൊടുക്കാമെങ്കിലും ഒരു സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് ആ സ്ഥലം സബ്ട്രഷറിക്ക് വിട്ടുകൊടുക്കാൻ സാധിക്കുമെന്നതിനാൽ ഗ്രാമപഞ്ചായത്തിന് അത് ബൈന്റിംഗ് ആകണമെന്നില്ലെന്നും ഗ്രാമവികസന കമ്മീഷണർ വിശദീകരിച്ചു.

19. കുടുംബശ്രീയുടെയും കാർഷിക മേഖലയിലേയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം നിർമ്മിച്ചതെന്നും എന്നാൽ ഈ കെട്ടിടം നിർമ്മിക്കുന്ന സമയത്ത് ട്രഷറിയുമായോ മറ്റ് സ്ഥാപനങ്ങളുമായോ ബ്ലോക്ക് പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ യാതൊരു ബന്ധവുമുണ്ടായിരുന്നില്ലെന്നും അവിടുത്തെ ഗ്രാമീണ മേഖലയുടെയും അനുബന്ധമേഖലയുടെയും ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യുക എന്നുള്ളതായിരുന്നു ഈ പ്രോജക്ടിന്റെ ലക്ഷ്യം എന്നും സമിതി നിരീക്ഷിച്ചു.

20. ഒരു ട്രഷറിയുടെ പേരിൽ മക്കരപ്പറമ്പ് മാർക്കറ്റ് എന്ന ലക്ഷ്യത്തിൽനിന്ന് വ്യതിചലിക്കാനുണ്ടായ സാഹചര്യമെന്തെന്നും മാർക്കറ്റിനായി പൂർത്തിയാക്കിയ കെട്ടിടം സർക്കാരിന്റെ അനുമതി ഇല്ലാതെ സബ്ട്രഷറിക്ക് കൊടുക്കണമെന്ന് തീരുമാനിക്കാൻ ഗ്രാമ പഞ്ചായത്തിന് അധികാരമുണ്ടോ എന്നും ഗവൺമെന്റ് ഇതിന് അനുമതി നൽകിയിട്ടുണ്ടോ എന്നും സമിതി ആരാഞ്ഞു. ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് കൈമാറിക്കഴിഞ്ഞതിനു ശേഷമാണ് ഇത്തരമൊരു തീരുമാനം വന്നതെന്നും ബ്ലോക്ക് പഞ്ചായത്ത് അതിനെതിരായി ഒരു തീരുമാനമെടുത്താൽ അത് നിലനിൽക്കണ മെന്നില്ലെന്നും മങ്കട ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

21. ഗവൺമെന്റ് ഇതിന് അനുമതി നൽകിയിട്ടില്ലെന്നും ഗ്രാമപഞ്ചായത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണിത് പറഞ്ഞതെന്നും അല്ലാതെ ഈ സ്ഥലം സബ്ട്രഷറിക്ക് കൊടുക്കണമെന്നോ മാർക്കറ്റിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തണ മെന്നോ യാതൊരു ഉദ്ദേശ്യവുമില്ലെന്നും ഗ്രാമവികസന കമ്മീഷണർ മറുപടി പറഞ്ഞു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിൽ നിന്നും തെളിവെടുക്കണമെന്ന് സമിതി നിർദ്ദേശിച്ചപ്പോൾ സബ്ട്രഷറിക്ക് സർക്കാർ തലത്തിൽ അനുവാദം നൽകി യിട്ടുണ്ടോയെന്ന് പരിശോധിക്കുന്നത് നന്നായിരിക്കുമെന്ന് ഗ്രാമവികസന കമ്മീഷണർ അഭിപ്രായപ്പെട്ടു.

22. സബ്ട്രഷറി ആരംഭിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിച്ചു.

സർക്കാർ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കിയിട്ടില്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

23. **കുടുംബശ്രീയുടെയും കാർഷിക മേഖലയിലെയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം നിർമ്മിച്ച് നൽകിയതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ മാർക്കറ്റിനായി പൂർത്തിയാക്കിയ കെട്ടിടം സർക്കാർ അനുമതി ഇല്ലാതെ സബ്ട്രഷറി ആരംഭിക്കുന്നതിന് കൈമാറിയ നടപടി സമിതി സംശയത്തോടെ വീക്ഷിക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്ന് സമിതിയുടെ 29-12-2012-ലെ യോഗം നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് സംബന്ധിച്ച് നാളിതുവരെ യാതൊരു മറുപടിയും നൽകാത്ത സർക്കാർ നടപടി നിരുത്തരവാദപരവും സമിതിയോടുള്ള കടുത്ത അനാദരവുമായി കണക്കാക്കുന്നു.**

24. **മാർക്കറ്റിനായി നിർമ്മിച്ച കെട്ടിടത്തിൽ സബ് ട്രഷറി ആരംഭിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## വേങ്ങര ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വനിതാ സഹകരണ ഓഫ്സെറ്റ് പ്രസ്സ്: പദ്ധതി ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ചു. [2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3(22).]**

1999-2000-ൽ പദ്ധതി വിഹിതം 6,21,508 രൂപ വിനിയോഗിച്ച് സഹകരണ മേഖലയിൽ തൊഴിൽരഹിതരായ വനിതകൾക്ക് സ്ഥാപിച്ച 'ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ്' ചില സ്വകാര്യ വ്യക്തികളുടെ കൈകളിൽ.

വനിതകൾക്ക് ഏറെ തൊഴിൽ സാധ്യതയുള്ളതും അവർക്ക് തന്നെ നടത്തിക്കൊണ്ടു പോകാൻ കഴിയുന്നതുമായ ഒരു വ്യവസായ സംരംഭമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്സ് ആരംഭിക്കുന്നതിന് 6,21,508 രൂപ ചെലവഴിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സഹകരണ സംഘത്തിനുവേണ്ടി വാങ്ങിയിട്ടുണ്ട്. ഉപകരണങ്ങൾ സംഘത്തിന് കൈമാറിയപ്പോൾ ഗുണഭോക്താക്കൾ ബ്ലോക്ക് പഞ്ചായത്തുമായി നിയമാനുസൃതം ഉടമ്പടി തയ്യാറാക്കിയിട്ടില്ല. പദ്ധതിലക്ഷ്യങ്ങൾ പ്രയോഗത്തിൽ വരുത്താനുതകുന്ന നിബന്ധനകൾ ഉൾക്കൊള്ളിച്ച് ഉടമ്പടി തയ്യാറാക്കാതെ ഉപകരണങ്ങൾ സംഘത്തിനു കൈമാറിയ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നടപടി

ക്രമവിരുദ്ധമാണ്. സഹകരണ മേഖലയിൽ പ്രവർത്തനാനുഭവവുമില്ലാത്ത ഒരു സംഘത്തിന് ഭീമമായ തുക ചെലവഴിച്ച് പ്രസ്സ് നടത്തിപ്പിനായി ഉപകരണങ്ങൾ വാങ്ങിയത് പദ്ധതി മാർഗ്ഗരേഖയുടെ ലംഘനമാണ്. പ്രസ്സിന്റെ ദൈനംദിന പ്രവർത്തനമോ വരവ് ചെലവ് കണക്കുകളോ പരിശോധിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രമവും നടത്തിയിട്ടില്ല.

തൊഴിൽരഹിതരായ വനിതകൾക്കുവേണ്ടി രൂപീകരിച്ച സംഘത്തിൽ ഒരു വനിതാ അംഗം ഒഴിച്ച് ബാക്കിയുള്ളവരെല്ലാം തന്നെ പുറത്തുനിന്നുള്ളവരാണെന്നും അതിൽ തന്നെ കൂടുതൽപേരും പുരുഷൻമാരാണെന്നും സംഘത്തിന്റെ പേരിൽ മറ്റേതോ സ്വകാര്യ വ്യക്തികളാണ് ഇപ്പോൾ പ്രസ്സ് നടത്തിക്കൊണ്ട് പോകുന്നതെന്നും പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് 2002-03-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്സിന്റെ പ്രവർത്തനം സമഗ്രമായ അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06. ഓഡിറ്റ് ഖണ്ഡിക നമ്പർ 2.62.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

25. സഹകരണ മേഖലയിൽ തൊഴിൽരഹിതരായ വനിതകൾക്കുവേണ്ടി രൂപീകരിച്ച ഓഫ്സെറ്റ് പ്രസ്സിൽ ഒരു വനിതാ അംഗം ഒഴികെ ബാക്കിയുള്ളവരെല്ലാം പുറത്തുനിന്നുള്ളവരാണെന്നും അതിൽ തന്നെ ബഹുഭൂരിപക്ഷവും പുരുഷന്മാരാണെന്നും സംഘത്തിന്റെ പേരിൽ ഏതോ സ്വകാര്യ വ്യക്തികളാണ് ഇപ്പോൾ പ്രസ്സ് നടത്തിക്കൊണ്ടു പോകുന്നതെന്നുമാണ് 2002-03-ലെ പെർഫോമൻസ് ആഡിറ്റിൽ വ്യക്തമാക്കിയിരിക്കുന്ന തെന്നും ഒരു വനിതാ സഹകരണസംഘമെന്ന നിലയിൽ പ്രവർത്തനമാരംഭിച്ച പ്രസ്സിലെ ഇപ്പോഴത്തെ അംഗങ്ങൾ മുഴുവൻ പുറത്തുനിന്നുള്ള പുരുഷന്മാരാണെന്നുമുള്ള ഓഡിറ്റ് നിരീക്ഷണത്തിന്മേൽ, ഉദ്യോഗസ്ഥരും ഭരണസംവിധാനവും അറിയാതെ ഇത്തരം ഗുരുതരമായൊരു ക്രമക്കേട് നടക്കുന്നതെങ്ങനെയാണെന്ന് സമിതി ആരാഞ്ഞതിന്, വനിതകളെ മാത്രം ഉൾപ്പെടുത്തിയായിരുന്നു സഹകരണ ഓഫ്സെറ്റ് പ്രസ്സ് രൂപീകരിച്ചതെന്നും എന്നാൽ വിവാഹത്തോടുകൂടി സംഘാംഗങ്ങളിൽ പലരും പിരിഞ്ഞുപോവുകയും അവസാനം ഒരു വനിത മാത്രം അവശേഷിക്കുകയുമായിരുന്നുവെന്നും വേങ്ങര ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

26. സംഘത്തിൽ നിന്നും പിരിഞ്ഞുപോയ അംഗങ്ങൾക്ക് പകരമായി പുതിയ വനിതകൾക്ക് അംഗത്വം നൽകാമായിരുന്നില്ലേയെന്നും ആരാണ് ക്രമക്കേടുകൾക്ക് ഉത്തരവാദിയെന്നും സമിതി ആരാഞ്ഞു. പ്രസ്തുത സഹകരണ സംഘത്തിൽ പുതുതായി

വനിതാ അംഗങ്ങളെ ചേർക്കണമെന്ന് ഓഡിറ്റ് ഉദ്യോഗസ്ഥർ നിർദ്ദേശം നൽകിയിരുന്നെങ്കിലും അതിനുള്ള നടപടിക്രമങ്ങളെക്കുറിച്ച് ഓഡിറ്റ് ഉദ്യോഗസ്ഥർ വ്യക്തമായൊരു ധാരണ സംഘങ്ങൾക്ക് നൽകിയില്ല എന്ന വാദമാണ് സംഘം ഉന്നയിക്കുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി പറഞ്ഞു. ബ്ലോക്കിന്റെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറാണ് ഇതിനുത്തരവാദിയെന്നും പ്രസ്തുത സഹകരണ സംഘം ഇപ്പോൾ ലിക്വിഡേഷനിലാണെന്നും സെക്ഷൻ 65 പ്രകാരമുള്ള അന്വേഷണം നടത്തി സംഘത്തിന്റെ സമാപ്തീകരണത്തിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

27. പ്രസ്തുത കേസിൽ 2010-നുശേഷം എന്ത് അനന്തരനടപടികളാണ് എടുത്തിട്ടുള്ളതെന്നും ആരാണ് ഇതിന്മേൽ നടപടികൾ സ്വീകരിക്കേണ്ടതെന്നും സമിതി ആരാഞ്ഞതിന് ഇൻഡസ്ട്രീസ് വകുപ്പിലെ ജനറൽ മാനേജരാണ് ഇതിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതെന്ന് ഗ്രാമവികസന കമ്മീഷണർ വ്യക്തമാക്കി.

28. ഒരു സഹകരണ സംഘം ലിക്വിഡേറ്റ് ചെയ്യണമെങ്കിൽ ഇൻഡസ്ട്രിയൽ ഓഫീസറുടെ നേതൃത്വത്തിൽ സെക്ഷൻ 65 പ്രകാരമുള്ള അന്വേഷണം പൂർത്തിയാക്കണമെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ പണം നഷ്ടപ്പെടുന്നതിനെക്കുറിച്ച് മോണിറ്റർ ചെയ്യുന്നതിനോ അന്വേഷിക്കുന്നതിനോ പഞ്ചായത്ത് തയ്യാറല്ലെന്നും ഇതുമായി ബന്ധപ്പെട്ട് 2010-നുശേഷം യാതൊരു തുടർനടപടിയും നടത്തിയിട്ടില്ലെന്നും സമിതി നിരീക്ഷിച്ചു.

29. ഇതിന്മേൽ അന്വേഷണ റിപ്പോർട്ട് തന്നിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് 17-11-2008-ന് അന്വേഷണ ചുമതല ഏൽപ്പിച്ചെങ്കിലും ഇതുവരെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലെന്നും അന്വേഷണ ഉദ്യോഗസ്ഥൻ വിരമിച്ചതിനാൽ തുടർനടപടികളെ കുറിച്ചുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ലെന്നും 11-11-2009-ൽ സെക്ഷൻ 65 പ്രകാരമുള്ള അന്വേഷണം പുരോഗമിക്കുന്നുവെന്നും പൂർത്തിയാകുന്ന മുറയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കാമെന്നുമാണ് അറിയിച്ചിരിക്കുന്നതെന്നും വേങ്ങര ബി.ഡി.ഒ. അറിയിച്ചു.

30. അന്വേഷണം നടത്തുന്നത് വ്യവസായ വകുപ്പാണോ എന്ന സമിതിയുടെ ചോദ്യത്തിന് വ്യവസായ വകുപ്പിൽ കോ-ഓപ്പറേറ്റീവ് വിംഗ് ഉണ്ടെന്നും പരാമർശ വിധേയമായ സംഘം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായതുകൊണ്ട് വ്യവസായ വകുപ്പിലെ ഡെപ്യൂട്ടി രജിസ്ട്രാർ ആയിരിക്കും അന്വേഷണം നടത്തുന്നതെന്നും ഗ്രാമവികസന കമ്മീഷണർ വ്യക്തമാക്കി.

31. ലിക്വിഡേഷനുള്ള തീരുമാനമെടുത്തിട്ടും അന്വേഷണം പൂർത്തിയായില്ലെങ്കിൽ ലിക്വിഡേഷൻ പ്രോസസ് എങ്ങനെ ശരിയാകും എന്ന സമിതിയുടെ സംശയത്തിന് താൻ ചാർജെടുത്തിട്ട് രണ്ടു മാസമേ ആകുന്നുള്ളൂവെന്നും അതിനു ശേഷമാണ് ഫയലിന്റെ കാര്യം

ശ്രദ്ധയിൽ വരുന്നതെന്നും അപ്പോൾത്തന്നെ ഓർമ്മക്കുറിപ്പ് അയയ്ക്കുന്നതിനും ആയത്ത സംബന്ധിച്ച് ജില്ലാ വ്യവസായവികസന ഓഫീസർ അന്വേഷിക്കുന്നതിനും നിർദ്ദേശം കൊടുത്തുവെന്നും അപ്പോഴാണ് അന്വേഷണം പൂർത്തിയായിട്ടില്ലെന്നും പൂർത്തിയാകുന്ന മുറയ്ക്ക് റിപ്പോർട്ട് നൽകുന്നതാണെന്നും അറിയിച്ചതെന്നും വേങ്ങര ബി.ഡി.ഒ. അറിയിച്ചു.

32. സെക്ഷൻ 65 പ്രകാരമുള്ള അന്വേഷണം സമയബന്ധിതമായി നടപ്പാക്കേണ്ട ഒന്നാണെന്ന് ഗ്രാമവികസന കമ്മീഷണർ അഭിപ്രായപ്പെട്ടു.

33. ഗവൺമെന്റ് ഇക്കാര്യത്തിൽ എന്താണ് ചെയ്യാൻ പോകുന്നതെന്ന സമിതിയുടെ ചോദ്യത്തിന് എത്രയുംവേഗം ലിക്വിഡേഷൻ നടപടി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നതാണെന്നും അതിന്മേലുള്ള പ്രാഥമിക നടപടികൾ എടുത്തു കഴിഞ്ഞിട്ടുണ്ടെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

34. എൻക്വയറിയുടെ സമയപരിധി എത്രയാണെന്ന് സമിതി ആരാഞ്ഞപ്പോൾ ഇക്കാര്യത്തിൽ ഒരു വലിയ വീഴ്ചവന്നിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പറഞ്ഞു. കൂടാതെ സെക്ഷൻ 65 പ്രകാരമുള്ള എൻക്വയറി നടത്തുന്നതിന് അഞ്ച് വർഷമാണ് സമയം അനുവദിച്ചിരിക്കുന്നതെന്നും മൂന്നുമാസത്തിനകം എൻക്വയറി നടപടികൾ പൂർത്തിയാക്കണമെന്ന ഗവൺമെന്റ് നിർദ്ദേശം നൽകുന്നതാണെന്നും ഇതിൽ കാലതാമസം വരുന്നതിനുള്ള കാരണം സംബന്ധിച്ച് ഇൻഡസ്ട്രീസ് ഡയറക്ടർ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അദ്ദേഹം സമിതി മുമ്പാകെ വ്യക്തമാക്കി.

35. ഇക്കാര്യത്തിൽ ഗവൺമെന്റ് കർശനമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ച സമിതി അതിന് എത്ര സമയം ആവശ്യമായി വരുമെന്ന് ആരാഞ്ഞു.

36. എൻക്വയറി പൂർത്തിയാക്കുന്നതിന് മൂന്നു മാസം വേണ്ടിവരുമെന്നും ഫയൽ കാണുന്നില്ലെങ്കിൽ ഫയൽ റീ-കൺസ്ട്രക്ട് ചെയ്ത് അതിലെ രേഖകൾ പരിശോധിച്ച ശേഷം, സംഘത്തിന്റെ പ്രവൃത്തി വിലയിരുത്തി സെക്ഷൻ 65 പ്രകാരം അന്വേഷണം നടത്തി ലിക്വിഡേഷൻ പൂർത്തിയാക്കാമെന്നും ആയതിന്റെ പുരോഗതി സമിതിയെ അറിയിക്കാമെന്നും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

സർക്കാർ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കിയിട്ടില്ല.

## നിഗമനങ്ങൾ/ശിപാർശകൾ

37. തൊഴിൽരഹിതരായ വനിതകൾക്ക് വേണ്ടി സഹകരണ മേഖലയിൽ ആരംഭിച്ച ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സിൽ ഒരു വനിത ഒഴികെയുള്ള അംഗങ്ങൾ പുറത്തുനിന്നുള്ള പുരുഷന്മാരുമായിരുന്നു എന്നും സംഘത്തിന്റെ പേരിൽ സ്വകാര്യ വ്യക്തികളാണ് പ്രസ്സ് നടത്തിയിരുന്നതെന്നുമുള്ള വസ്തുത ഉദ്യോഗസ്ഥരുടെയും ഭരണ സംവിധാനത്തിന്റെയും ഭാഗത്തുള്ള വീഴ്ചയായി സമിതി വിലയിരുത്തുന്നു. സഹകരണമേഖലയിൽ പ്രവർത്തന അനുഭവമില്ലാത്ത ഒരു സംഘത്തിന് ഭീമമായ തുക ചെലവഴിച്ച് പ്രസ്സ് നടത്തിപ്പിനായി ഉപകരണങ്ങൾ വാങ്ങിയത് ദുരുദ്ദേശ്യപരമായിരുന്നെന്ന് സമിതി ആശങ്കപ്പെടുന്നു. എന്നാൽ പ്രസ്തുത സഹകരണ സംഘം ഇപ്പോൾ ലിക്വിഡേഷനിലാണെന്നും സെക്ഷൻ 65 പ്രകാരം അന്വേഷണം നടത്തി സംഘത്തിന്റെ സമാപ്തീകരണത്തിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയിൽ വെളിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, ലിക്വിഡേഷൻ നടപടി എത്രയുംവേഗം പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ ടി വിഷയം സംബന്ധിച്ച് യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. തെളിവെടുപ്പുവേളയിൽ സമിതിക്ക് നൽകുന്ന ഉറപ്പ് പാലിക്കാതിരിക്കുന്നത് സമിതിയോടുള്ള അനാദരവായി സമിതി വിലയിരുത്തുന്നു.

38. സഹകരണ സംഘത്തിന്റെ പ്രവൃത്തി വിലയിരുത്തി സെക്ഷൻ 65 പ്രകാരം അന്വേഷണം നടത്തി ലിക്വിഡേഷൻ നടപടി പൂർത്തിയാക്കി അടിയന്തരമായി റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ തുക കൈപ്പറ്റി—പണി പൂർത്തിയായില്ല—പദ്ധതിപ്പണം പാഴായി.**

ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ 1998-1999, 1999-2000, 2000-2001 വർഷങ്ങളിൽ വിവിധ മരാമത്ത് പണികൾക്കായി 9,84,700 രൂപ മുൻകൂറായി കൺവീനർ/ഏജൻസികൾക്ക് നൽകിയിരുന്നുവെങ്കിലും ഈ പണികളൊന്നും തന്നെ പൂർത്തിയാക്കിയതായി കാണുന്നില്ല. പണി നടത്താതെ വീഴ്ചവരുത്തിയവർക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചും കാണുന്നില്ല. തന്മൂലം പദ്ധതിപ്പണം പാഴാക്കുകയാണുണ്ടായത്. നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതികളുടെ നടത്തിപ്പ് മോണിറ്റർ ചെയ്യുന്നതിൽ വരുത്തുന്ന വീഴ്ചയാണ് പദ്ധതികൾ പരാജയപ്പെടാനുള്ള പ്രധാന കാരണം.

വിശദവിവരം ചുവടെ ചേർക്കുന്നു:

| | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പദ്ധതിയുടെ പേര് | നൽകിയ തുക (രൂപ) |
|---|---|---|---|---|---|
| 1 | പെരിന്തൽമണ്ണ | 2000-01 | 2(21) | 1 പ്രവൃത്തിക്ക് (ക്യാൻസൽ ചെയ്തത്) | 20,000 |
| 2 | പെരിന്തൽമണ്ണ | 2000-01 | 2(7) | 9 പ്രവൃത്തികൾക്ക് | 4,12,800 |
| 3 | തിരൂർ | 1999-00 | 2(12) | 15 പ്രവൃത്തികൾക്ക് | 4,74,000 |
| 4 | പൊന്നാനി | 1998-99 | 2(7) | പൊറ്റക്കാട് കുളം പുനരുദ്ധാരണം | 27,900 |
| 5 | പെരുമ്പടപ്പ് | 1998-99 | 2(18) | പമ്പ് ഹൗസ് നിർമ്മാണം | 50,000 |
| | | | | ആകെ | 9,84,700 |

ഈ തുക പലിശസഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07. ഓഡിറ്റ് ഖണ്ഡിക നമ്പർ 3.71.6.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

## പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്

39. ക്യാൻസൽ ചെയ്ത പ്രവൃത്തിയായ മാരമ്പറ്റകുന്ന് കുടിവെള്ള പദ്ധതിക്ക് കൺവീനർക്ക് നൽകിയ തുക തിരിച്ചുപിടിക്കാത്തത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് പ്രസ്തുത പദ്ധതി ബന്ധപ്പെട്ട ഗുണഭോക്തൃ സമിതി നല്ല രീതിയിൽ പൂർത്തീകരിക്കുകയും അഡ്വാൻസ് തുകയായ 20,000 രൂപ 23-3-2002-ൽ ഫൈനൽ ബിൽ തുകയിൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയത് ഓഡിറ്റ് പരിശോധിച്ച് ഒപ്പ് വച്ചിട്ടുണ്ടെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

40. ക്യാൻസൽ ചെയ്ത പ്രവൃത്തി എങ്ങനെയാണ് നടക്കുന്നതെന്നും ആയത് ക്യാൻസൽ ചെയ്യാനുള്ള കാരണമെന്തെന്നും പ്രവൃത്തി ഏറ്റെടുത്ത ഗുണഭോക്തൃ സമിതി കൺവീനർ രാജിവച്ചില്ലേയെന്നും സമിതി ആരാഞ്ഞതിന് കൺവീനർ രാജിവച്ചില്ലെന്നും 2001-2002-ൽ പ്രോജക്ടിൽ സ്പിൽഓവർ ആയി അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി തന്നെ ഏറ്റെടുത്ത് പൂർത്തിയാക്കിയെന്നും പെരിന്തൽമണ്ണ ബി.ഡി.ഒ. വിശദീകരിച്ചു.

41. ഇക്കാര്യങ്ങളൊന്നും രേഖാമൂലം നല്കിയ മറുപടിയിൽ വിശദീകരിക്കാതെ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് ആവശ്യപ്പെടുന്നത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, തുടക്കത്തിൽ പ്രവൃത്തി ചെയ്യാൻ ബുദ്ധിമുട്ടാണെന്ന് പറഞ്ഞതിന്റെ വെളിച്ചത്തിൽ ക്യാൻസൽ ചെയ്യാൻ തീരുമാനിച്ചെങ്കിലും പിന്നീട് സ്പിൽ ഓവറായി അതേ കമ്മിറ്റി തന്നെ പ്രവൃത്തി പൂർത്തിയാക്കുകയാണുണ്ടായതെന്നും ഓഡിറ്റ് തടസ്സമുള്ള 20,000 രൂപ അന്തിമബില്ലിൽ ക്രമീകരിച്ചിട്ടുണ്ടെന്നും പെരിന്തൽമണ്ണ ബി.ഡി.ഒ. അറിയിച്ചു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റ് പരിശോധിച്ച് ഒപ്പ് വച്ചിട്ടുണ്ടെന്ന് ഗ്രാമവികസന കമ്മീഷണർ സമിതിയെ അറിയിച്ചതിനെ തുടർന്ന് സമിതിക്ക് രേഖാമൂലം നൽകുന്ന മറുപടികൾ വ്യക്തത ഉള്ളതായിരിക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തു.

## നിഗമനങ്ങൾ/ശിപാർശകൾ

**42. പദ്ധതി ബന്ധപ്പെട്ട ഗുണഭോക്തൃ സമിതി പൂർത്തീകരിക്കുകയും അഡ്വാൻസ് തുകയായ 20,000 രൂപ അന്തിമ ബിൽ തുകയിൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള ഗ്രാമവികസന കമ്മീഷണറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>പെരിന്തൽമണ്ണ</u>—മുൻകൂർ തുക കൈപ്പറ്റി നാളിതുവരെ പൂർത്തിയാക്കാത്തത് സംബന്ധിച്ച്

43. പെരിന്തൽമണ്ണ ബ്ലോക്കിലെ 9 വാർഡുകളിൽ കക്കൂസ് നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കാത്തതിനെപ്പറ്റിയും അവയുടെ ഇപ്പോഴത്തെ സ്ഥിതിയെപ്പറ്റിയും രേഖകൾ ഹാജരാക്കാത്തതിനെക്കുറിച്ചുമുള്ള സമിതിയുടെ ചോദ്യത്തിന് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ ശുചിത്വം പരിപാടിയിൽ ഉൾപ്പെട്ട ആലിപ്പറമ്പ്, താഴെക്കോട് പഞ്ചായത്തുകളുടെ കാര്യത്തിലാണ് മുൻകൂർ ക്രമീകരിച്ചില്ല എന്ന ഓഡിറ്റ് തടസ്സം ഉണ്ടായിട്ടുള്ളതെന്ന് പെരിന്തൽമണ്ണ ബി.ഡി.ഒ. അറിയിച്ചു.

44. 4,12,800 രൂപയിൽ 3,63,600 രൂപയുടെ ക്രമീകരണവിവരം 3-8-2012-ലെ പരിശോധന വേളയിലും ഹാജരാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി പണി പൂർത്തിയായതുസംബന്ധിച്ച രേഖകൾ ഓഡിറ്റിനെ എങ്ങനെ ബോധ്യപ്പെടുത്തും എന്ന് ആരാഞ്ഞു. ഒരു കൺവീനർ ഏറ്റെടുത്ത പ്രവൃത്തിക്ക് മാത്രമാണ് ഇപ്പോൾ തടസ്സം പറഞ്ഞിട്ടുള്ളതെന്നും ബാക്കിയെല്ലാം ക്രമീകരിച്ചിട്ടുണ്ടെന്നും ആലിപ്പറമ്പ് പഞ്ചായത്തിലെ 4-ാം വാർഡിൽ 206 ഗുണഭോക്താക്കൾക്കായി 82,400 രൂപ കൊടുത്തെങ്കിലും പണി പൂർത്തിയാക്കാത്തതിനാൽ രജിസ്റ്റേർഡ് നോട്ടീസ് അയച്ചെങ്കിലും ആയത് കൈപ്പറ്റാതെ മടങ്ങിവരികയാണ് ചെയ്തതെന്നും അതിനെ തുടർന്ന് ഗവൺമെന്റ് ആർ.ആർ. നടപടികൾ

തുടർന്നുവരികയുമാണെന്നും ബി.ഡി.ഒ. സമിതിയിൽ ബോധിപ്പിച്ചു. രണ്ട് കൺവീനർമാർ ഏറ്റെടുത്ത കേസുകൾ മാത്രമാണ് നടക്കാതിരുന്നതെന്നും ആ ഫയലുകൾ ഒഴികെ ബാക്കി ഏഴുപേരുടെ റിപ്പോർട്ടും ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ബ്ലോക്ക് പഞ്ചായത്ത് നൽകിയിരിക്കുന്ന റിപ്പോർട്ട് അവ്യക്തമാണെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ പ്രസ്തുത റിപ്പോർട്ടിൽ വ്യക്തത വരുത്തിയിട്ടുണ്ടെന്നും ആയത് ഓഡിറ്റിനെ ബോധ്യപ്പെടുത്താമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

45. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തിയശേഷം ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ 28-3-2014-ലെ എൽ.എഫ്. 5691/സ്പെ.സെൽ.ജി3/2014 നമ്പർ കത്ത് പ്രകാരമുള്ള പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"1999-2000 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന (പ്രോജക്റ്റ് നമ്പർ 69) സമ്പൂർണ്ണ ശുചിത്വ പരിപാടി നടത്തിപ്പിനായി മുൻകൂർ തുക കൈപ്പറ്റിയിരുന്ന കൺവീനർമാർ കൈപ്പറ്റിയ അത്രയും തുകക്കുള്ള കക്കൂസ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചതായി മിക്കവാറും ഗുണഭോക്താക്കളിൽ നിന്നും സാക്ഷ്യപത്രവും അതത് ഗ്രാമപഞ്ചായത്തുകളിലെ വി.ഇ.ഒ.മാരുടെ അന്വേഷണ റിപ്പോർട്ടുകളും ഹാജരാക്കിയിട്ടുണ്ട്. ഇക്കാര്യം പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 11-10-2012-ലെ 6(1) നമ്പർ തീരുമാനപ്രകാരം ശരിവെക്കുകയും ചെയ്തിട്ടുണ്ട്. മേൽ ധനസഹായത്തിന് അർഹരായിരുന്ന ഗുണഭോക്താക്കളിൽ പലരും മരണപ്പെടുകയോ താമസം മാറ്റി പോവുകയോ ചെയ്തിട്ടുണ്ട്. കാലപ്പഴക്കം വന്ന് കേസായതിനാലും നിലവിൽ ശേഖരിക്കാൻ കഴിയാവുന്ന പരമാവധി രേഖകൾ ഹാജരാക്കിയതിനാലും ഇനിയും കൂടുതൽ തെളിവുകൾ ഹാജരാക്കാനാവാത്ത സാഹചര്യം വിശദീകരിച്ചിട്ടുള്ളതിനാലും കൈപ്പറ്റിയ തുകക്കുള്ള കക്കൂസ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതിനാലും ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെയടിസ്ഥാനത്തിലുള്ള അപേക്ഷ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകാവുന്നതാണെന്ന് ബഹു. നിയമസഭാ സമിതിയോട് ശിപാർശ ചെയ്യുന്നു".

## നിഗമനങ്ങൾ/ശിപാർശകൾ

46. **പെരിന്തൽമണ്ണ ബ്ലോക്കിലെ 9 വാർഡുകളിൽ സമ്പൂർണ്ണ ശുചിത്വ പരിപാടി നടത്തിപ്പിനായി കൈപ്പറ്റിയ അത്രയും തുകയ്ക്ക് കക്കൂസ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചതായി മിക്കവാറും ഗുണഭോക്താക്കളിൽ നിന്നും സാക്ഷ്യപത്രവും അതത് ഗ്രാമപഞ്ചായത്തുകളിലെ വി.ഇ.ഒ.മാരുടെ**

അന്വേഷണറിപ്പോർട്ടും ഹാജരാക്കിയിട്ടുണ്ടെന്നും ആയത് ബ്ലോക്ക് പഞ്ചായത്ത് അംഗീകരിക്കുകയും ധനസഹായത്തിന് അർഹരായ ഗുണഭോക്താക്കളിൽ പലരും മരണപ്പെടുകയോ താമസം മാറിപ്പോവുകയോ ചെയ്തിട്ടുള്ളതായും, കാലപ്പഴക്കം വന്ന കേസായതിനാൽ പരമാവധി രേഖകൾ ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

തിരൂർ ബ്ലോക്ക് പഞ്ചായത്ത്—അഡ്വാൻസ് നൽകി പണി പൂർത്തിയാക്കാത്ത പ്രവൃത്തികൾ

47. ഓഡിറ്റ് പരാമർശത്തിന് നിദാനമായ 15 പ്രവൃത്തികളുടെയും വർക്കുകൾ നടന്നിട്ടില്ലേയെന്നും നടക്കാത്ത പ്രവൃത്തികളുടെ മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും ആർ.ആർ. നടപടി എടുത്തിട്ടുണ്ടോ എന്നും സമിതി ആരാഞ്ഞു. ശ്മശാനം ഷെഡിന്റെ പണി ഒഴികെ ബാക്കി പ്രവൃത്തികൾ നടന്നിട്ടുണ്ടെന്നും ഗുണഭോക്തൃ സമിതി ഏറ്റെടുക്കുന്ന പ്രവൃത്തികളിന്മേൽ കേരള റവന്യൂ റിക്കവറി ആക്ട് പ്രകാരം നടപടികൾ സാധ്യമല്ലെന്ന് ഗവൺമെന്റ് കത്ത് നൽകിയിട്ടുണ്ടെന്നും ഗ്രാമവികസന കമ്മീഷണർ മറുപടി നൽകി.

48. ഇങ്ങനെ സംഭവിച്ചതെപ്പോഴാണെന്നും ഇതിന്മേൽ ഇനി എന്താണ് ചെയ്യാൻ കഴിയുന്നതെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് 1999-2000 വർഷത്തിലാണിത് സംഭവിച്ചതെന്നും ഏർപ്പെട്ടിട്ടുള്ള കരാറിന്മേൽ സിവിൽ വ്യവഹാരം എന്ന നിലയ്ക്ക് മാത്രമേ മുന്നോട്ട് പോകാൻ കഴിയുകയുള്ളുവെന്നും തിരൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

49. ഒൻപത് വർഷം കഴിഞ്ഞിട്ടും ഇതിനെതിരായി ഒരു സിവിൽ സ്യൂട്ട് ഫയൽ ചെയ്യാതിരുന്നതെന്തുകൊണ്ടാണെന്നും ഏതൊക്കെ വർക്കുകളാണെന്ന് സ്പെസിഫൈ ചെയ്യാതെ കുറെ നമ്പറുകൾ മാത്രം പറഞ്ഞാൽ എന്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനമെടുക്കേണ്ടതെന്നും സമിതി ആരാഞ്ഞപ്പോൾ സമിതിക്ക് സമർപ്പിച്ച റിപ്പോർട്ട് അപര്യാപ്തമാണെന്ന് മനസ്സിലായതുകൊണ്ട് കഴിഞ്ഞ ഒരാഴ്ചകാലത്തെ ശ്രമഫലമായി ഇതുമായി ബന്ധപ്പെട്ട ഓരോ പ്രവൃത്തിയുടെയും വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടെന്ന് ഗ്രാമവികസന കമ്മീഷണർ ബോധിപ്പിച്ചു. സർക്കാർ മറുപടിയിലെ സീരിയൽ നമ്പറിൽ പരാമർശിച്ചിട്ടുള്ള ശ്മശാനത്തിന്റെ പ്രവൃത്തി ഒഴികെ മറ്റെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്ന് തിരൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. മങ്ങാട്ടിരി ശ്മശാനം ഷെഡിന്റെ പണിമാത്രമെ നടക്കാത്തതായി ബാക്കിയുള്ളുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

50. പദ്ധതി കാലാവധികഴിഞ്ഞ് 9 വർഷമായിട്ടും ആർ.ആർ. നടപടി സ്വീകരിക്കാത്തത് മനപ്പൂർവ്വമാണോ എന്നും സിവിൽ സ്യൂട്ട് ഫയൽ ചെയ്യുന്നതിൽ കാലവിളംബം വരുത്തിയത് എന്തിനാണെന്നും സമിതി ആരാഞ്ഞു.

51. ഇത്രയും കാലതാമസമുണ്ടായതിനാൽ ഇനിയൊരു സ്യൂട്ട് ഫയൽ ചെയ്യാൻ വളരെ ബുദ്ധിമുട്ടാകുമെന്ന് റൂറൽ ഡെപ്യൂട്ടി കമ്മീഷണർ അഭിപ്രായപ്പെട്ടു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 28-3-2014-ലെ എൽ.എഫ്.5691/സ്പെ.സെൽ.ജി3/2014 നമ്പർ കത്ത് പ്രകാരം നൽകിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

ഖണ്ഡികയിൽ പരാമർശിച്ച താഴെ പറയുന്ന പ്രവൃത്തികളുടെ ഫയലുകൾ പരിശോധനക്ക് ഹാജരാക്കുകയും മുൻകൂർ ക്രമീകരിച്ച വിവരം ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്:

(1) മോയോട്ട്തോട് വി.സി.ബി. നിർമ്മാണം

(2) പൂകാരം തോട് സൈഡ് കെട്ടൽ

(3) അച്ചൂരി തോട് പുനരുദ്ധാരണം

(4) കൊക്കരണികുളം പുനരുദ്ധാരണം

(5) ചാത്തൻകുളം പുനരുദ്ധാരണം

(6) മാങ്ങാട്ടിരി കോട്ട കുളം പുനരുദ്ധാരണം

(7) ആറോട്ടിതോട് പാർശ്വസംരക്ഷണം

(8) കടപ്പള്ളി തോട് പാർശ്വസംരക്ഷണം

(9) ഇടിയോട്ടി തോട് പാർശ്വസംരക്ഷണം

(10) പെരിന്തല്ലൂർ പമ്പ് ഹൗസ് റോഡ്

(11) വെങ്ങാല്ലൂർ മൂട്ടിക്കൽ റോഡ്

(12) ചെനപ്പറമ്പ് ചന്ദനക്കാവ് റോഡ്

(13) അനന്താവൂർ എസ്. സി. കിണർ നിർമ്മാണം

(14) അഴകത്തി പറമ്പ് എസ്.സി. കിണർ നിർമ്മാണം

ക്രമനമ്പർ 15-മാങ്ങാട്ടിരി ശ്മശാനം ഷെഡ് എന്ന പ്രവൃത്തിക്ക് മുൻകൂർ അനുവദിച്ച 6,250 രൂപ ടി പ്രവൃത്തിയുടെ കൺവീനർ ശ്രീ. പി. പി. പരശുരാമൻ രസീതി നമ്പർ 8/9-10-2012 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കിയിട്ടുണ്ട്. എന്നാൽ മുൻകൂർ തുകക്ക് ഈടാക്കേണ്ടിയിരുന്ന പലിശ ടി കൺവീനറിൽ നിന്നും ഈടാക്കിയിട്ടില്ലെന്നും ബഹുമാനപ്പെട്ട സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

52. **പരാമർശ വിധേയമായ 15 പ്രവൃത്തികളുടെയും മുൻകൂർ ക്രമീകരിച്ചിട്ടുണ്ടെന്നും മങ്ങാട്ടിരി ശ്മശാനം ഷെഡ് എന്ന പ്രവൃത്തിക്ക് മുൻകൂർ അനുവദിച്ച 6,250 രൂപ കൺവീനർ 8/9-10-2012 നമ്പർ രസീതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് (പൊറ്റക്കാട് കുളം പുനരുദ്ധാരണം)</u>

<u>പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് (പമ്പ് ഹൗസ് നിർമ്മാണം)</u>

53. പ്രാദേശിക പരിശോധനയിൽ ഓഡിറ്റ് പരാമർശത്തിന് നിദാനമായ തുകകൾ പലിശ സഹിതം ഈടാക്കിയത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

54. **ഓഡിറ്റ് പരാമർശത്തിന് നിദാനമായ തുക പലിശ സഹിതം ഈടാക്കിയിട്ടുണ്ടെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**3.71.7 നിക്ഷേപ വേല-വിനിയോഗവിവരം ലഭ്യമല്ല.**

ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ വിവിധ പദ്ധതി നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി., കെ.എസ്.എച്ച്.ബി. സംസ്ഥാന നിർമ്മിതി കേന്ദ്രം എന്നീ സ്ഥാപനങ്ങൾക്ക് 32,49,407 രൂപ നൽകിയിരുന്നുവെങ്കിലും ടി ജോലികൾ

പൂർത്തീകരിച്ചതായോ പദ്ധതികളുടെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കിയത് സംബന്ധിച്ചോ ഉള്ള യാതൊരു വിവരങ്ങളും ലഭ്യമാക്കുകയുണ്ടായില്ല. തുകകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | ഏജൻസി | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പദ്ധതിയുടെ പേര് | നൽകിയ തുക |
|---|---|---|---|---|---|---|
| 1 | കുറ്റിപ്പുറം | കെ.എസ്.ഇ.ബി. | 1999-2000 | 3 (17) | വിവിധ പദ്ധതികൾക്ക് | 4,55,347 |
| 2 | തിരൂർ | കെ.എസ്.ഇ.ബി. | 1999-2000 | 2 (11)(1) | വിവിധ പദ്ധതികൾക്ക് | 43,275 |
| 3 | തിരൂർ | കെ.എസ്.ഇ.ബി. | 1999-2000 | 2 (11)(2) | വിവിധ പദ്ധതികൾക്ക് | 1,50,000 |
| 4 | വേങ്ങര | കെ.എസ്.ഇ.ബി. | 2001-2002 | 3 (4) | വിവിധ പദ്ധതികൾക്ക് | 70,035 |
| 5 | പെരുമ്പടപ്പ് | കെ.എസ്.ഇ.ബി. | 1998-1999 | 2 (14)(1) | വിവിധ പദ്ധതികൾക്ക് | 79,250 |
| 6 | കുറ്റിപ്പുറം | കെ.എസ്. എച്ച്.ബി. | 1999-2000 | 3 (17) | ഭവന പദ്ധതി | 8,37,500 |
| 7 | പെരുമ്പടപ്പ് | നിർമ്മിതി കേന്ദ്രം | 1998-1999 | 2 (10) | പാലപ്പെട്ടി ഗവൺമെന്റ് ഹൈസ്കൂൾ നിർമ്മാണം | 5,64,000 |
| 8 | പെരുമ്പടപ്പ് | നിർമ്മിതി കേന്ദ്രം | 1998-1999 | 2 (14)(2) | ജനറൽ/ പട്ടികജാതി വിഭാഗങ്ങൾക്ക് ഭവനപദ്ധതി | 10,50,000 |
| | | | | | ആകെ | 32,49,407 |

ടി പദ്ധതികളുടെ നിലവിലുള്ള അവസ്ഥ പരിശോധനാ വിധേയമാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സാമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.71.7.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

## കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

55. മലപ്പുറം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി., കെ.എസ്.എച്ച്.ബി., സംസ്ഥാന നിർമ്മിതി കേന്ദ്രം എന്നീ സ്ഥാപനങ്ങൾക്ക് 32,49,407 രൂപ നൽകിയിരുന്നതായും എന്നാൽ പ്രസ്തുത ജോലികൾ പൂർത്തീകരിച്ചത് സംബന്ധിച്ചോ പദ്ധതികളുടെ പ്രയോജനം ജനങ്ങൾക്ക് ലഭിച്ചത് സംബന്ധിച്ചോ യാതൊരുവിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ലാത്തതായും സമിതി നിരീക്ഷിച്ചു. വിനിയോഗ സാക്ഷ്യപത്രം എത്രയും പെട്ടെന്ന് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട ഏജൻസികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മാത്രമാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടി.

56. വിനിയോഗ സാക്ഷ്യപത്രം 3-8-2012-ൽ ലഭ്യമായിട്ടുണ്ടെന്ന് അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർ (ജനറൽ), മലപ്പുറം സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

57. **വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി., കെ.എസ്.എച്ച്.ബി., സംസ്ഥാന നിർമ്മിതി കേന്ദ്രം എന്നീ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെന്ന മലപ്പുറം അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർ (ജനറൽ)റുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>തിരൂർ ബ്ലോക്ക് പഞ്ചായത്ത് ചേന്നര പെരുന്തുരുത്തി വടക്കേത്തറ വൈദ്യുതീകരണം—പൂർത്തീകരണ വിവരം ലഭ്യമല്ല:</u>

58. ചേന്നര പെരുന്തുരുത്തി വടക്കേത്തറ വൈദ്യുതീകരണത്തിന്റെ പൂർത്തീകരണം സംബന്ധിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ എന്നും ഇത്തരത്തിൽ പൂർത്തീകരിക്കുന്ന വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് സമിതി മുമ്പാകെ നല്കാത്ത തെന്താണെന്നും സമിതി ആരാഞ്ഞതിന് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചതായുള്ള റിപ്പോർട്ട് ഇപ്പോഴാണ് ലഭിച്ചതെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

59. സമിതിയിൽ സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ യോഗം ചേരുന്നതിന്റെ തലേദിവസമെങ്കിലും സമിതി അംഗങ്ങൾക്ക് വിതരണം ചെയ്യണമെന്നും അല്ലാതെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്ന് പറയുന്നതിൽ കാര്യമില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

60. സമിതിക്ക് ആദ്യം നൽകിയ റിപ്പോർട്ട് അപ്രസക്തവും അപൂർണ്ണവുമായതിനാൽ പെർഫോമൻസ് ഓഡിറ്റും സ്റ്റേറ്റ് ഓഡിറ്റുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ എല്ലാ റിക്കാർഡുകളും പരിശോധിച്ച് ഏറ്റവും അവസാനം ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തി പുതിയൊരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്നും ആയത് സമിതിയുടെ അടുത്ത യോഗത്തിന് മുമ്പായി ലഭ്യമാക്കുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ ഉറപ്പ് നൽകി.

61. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കിയതിനുശേഷം ഇക്കാര്യം അടുത്തയോഗത്തിൽ പരിഗണിക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 28-3-2014-ലെ എൽ.എഫ്. 5691/സ്പെ.സെൽ. ജി3/14 നമ്പർ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

ചേന്നര പെരുന്തുരുത്തി വടക്കേത്തറ ഹരിജൻ കോളനി വൈദ്യുതീകരണം, ഉല്ലാസ് നഗർ വൈദ്യുതീകരണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചതായി ആലത്തിയൂർ കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എൻജിനീയറുടെ 6-8-2012-ലെ കത്തിൽ അറിയിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

**62. ചേന്നര പെരുന്തുരുത്തി വടക്കേത്തറ ഹരിജൻ കോളനി വൈദ്യുതീകരണം പൂർത്തീകരിച്ചതായി ആലത്തിയൂർ കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## തിരൂർ ബ്ലോക്ക് പഞ്ചായത്ത്

ഉല്ലാസ് നഗർ വൈദ്യുതീകരണം—പൂർത്തീകരണ വിവരം ലഭ്യമല്ല.

63. ഓഡിറ്റ് പരാമർശത്തിനാധാരമായ പ്രവൃത്തിയുടെ പൂർത്തീകരണവിവരം ലഭ്യമാക്കിയിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്ന് സമിതി ശിപാർശ ചെയ്തു.

## വേങ്ങര ബ്ലോക്ക് പഞ്ചായത്ത്

64. പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിലെ കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പൂർത്തീകരണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെന്ന ഗ്രാമവികസന കമ്മീഷണറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തു.

## പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

65. പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിലെ കോളനി വൈദ്യുതീകരണം പൂർത്തിയായതായും കെ.എസ്.ഇ.ബി.യിൽ നിന്നും പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമായതായും ഗ്രാമവികസന കമ്മീഷണർ വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യു.

## കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

66. മൈത്രി ഭവന പദ്ധതിക്ക് വേണ്ടി ഹൗസിംഗ് ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 8,37,500 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട് എന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യു.

## പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

### പാലപ്പെട്ടി ഗവ. ഹൈസ്കൂൾ നിർമ്മാണം

67. പാലപ്പെട്ടി ഗവൺമെന്റ് ഹൈസ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന് പാലപ്പെട്ടി ഗവൺമെന്റ് ഹൈസ്കൂളിനുവേണ്ടി നാല് ക്ലാസ് മുറികൾ നിർമ്മിച്ചതുമായി ബന്ധപ്പെട്ട അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ നിർമ്മിതി കേന്ദ്രത്തിന് പലതവണ കത്തയച്ചുവെങ്കിലും ഇതുവരെയും റിപ്പോർട്ട് ഹാജരാക്കിയിട്ടില്ലായെന്നും കാലപ്പഴക്കമുള്ള ഫയലുകളായതിനാൽ വിശദമായി പരിശോധിച്ച് ഉടൻതന്നെ റിപ്പോർട്ട് സമർപ്പിക്കാമെന്ന് 13-7-2012-ലെ കത്തുപ്രകാരം നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ടെന്നും പെരുമ്പടപ്പ് ബി.ഡി.ഒ. അറിയിച്ചു.

68. നിർമ്മിതി കേന്ദ്രം, കൺസ്ട്രക്ഷൻ കോർപ്പറേഷൻ, സിഡ്കോ എന്നീ 3 സ്ഥാപനങ്ങളും കരാർ ഏറ്റെടുക്കുകയും മാർജിൻ വാങ്ങി വേറെ ഏജൻസിക്ക് പ്രവൃത്തി കൈമാറുകയുമാണ് ചെയ്യുന്നതെന്നും ഇവർ ഏറ്റെടുക്കുന്ന എല്ലാവർക്കുകളുടെയും സ്ഥിതി ഇങ്ങനെ തന്നെയാണെന്നും ചൂണ്ടിക്കാട്ടിയ സമിതി നാല് ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിനായി എത്ര രൂപയാണ് നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുള്ളതെന്ന് ആരാഞ്ഞു. 1997-98-ലെ 3,00,000 രൂപയും 1998-99-ലെ 2,64,000 രൂപയും ചേർത്ത് ആകെ 5,64,000 രൂപയാണ് നിർമ്മിതി കേന്ദ്രത്തിന് കൊടുത്തിരിക്കുന്നതെന്നും നാല് മുറികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും പെരുമ്പടപ്പ് ബി.ഡി.ഒ. അറിയിച്ചു.

69. അന്തിമ ബിൽ സമർപ്പിക്കാത്തതെന്തെന്നുള്ള സമിതിയുടെ ചോദ്യത്തിന് വർഷങ്ങൾക്കുമുമ്പുള്ള ഫയലുകളായതുകൊണ്ട് പരിശോധിച്ചതിനുശേഷം ഉടൻ തന്നെ റിപ്പോർട്ട് തരാമെന്നാണ് പറഞ്ഞിരിക്കുന്നതെന്ന് ബി.ഡി.ഒ., പെരുമ്പടപ്പ് മറുപടി പറഞ്ഞു.

70. യഥാർത്ഥ തുകയേക്കാൾ കൂടുതൽ കൈപ്പറ്റിയതുകൊണ്ടും അധികമായി കൈപ്പറ്റിയ തുക തിരിച്ചുപിടിക്കേണ്ടി വരുമെന്നുള്ളതുകൊണ്ടുമായിരിക്കാം നിർമ്മിതി കേന്ദ്രം അന്തിമ ബിൽ തരാത്തതെന്ന് സമിതി അനുമാനിച്ചു.

71. ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് നിർമ്മിതി കേന്ദ്രത്തോട് എത്രയും പെട്ടെന്ന് അന്തിമ റിപ്പോർട്ട് നല്കുവാൻ ആവശ്യപ്പെടുകയും ആയതിന്മേൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാം എന്ന് ഗ്രാമവികസന കമ്മീഷണർ സമിതിക്ക് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് ഖണ്ഡിക തീർപ്പുകല്പിക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

**ജനറൽ/പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന പദ്ധതി**

72. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഭവന പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ രണ്ട് ഗുണഭോക്താക്കൾക്ക് നൽകാൻ ബാക്കിയുള്ള 41,000 രൂപയും രണ്ട് ഗുണഭോക്താക്കളുടെ മുഴുവൻ തുകയായ 70,000 രൂപയും ഉൾപ്പെടെ 1,07,500 രൂപ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ അക്കൗണ്ടിൽ ഉണ്ടെന്നും ആയത് ഒരു ഉത്തരവുണ്ടെങ്കിൽ മാത്രമേ തിരിച്ചുതരാൻ സാധിക്കുകയുള്ളുവെന്നും അറിയിച്ചിരിക്കുന്നതായി നിരീക്ഷിച്ച സമിതി ഇക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയും എന്ന് ആരാഞ്ഞു.

73. അധിക തുക തിരിച്ചുതരുന്നതിനായി പ്രത്യേക സർക്കാർ ഉത്തരവ് ആവശ്യമില്ലെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക തിരിച്ചുപിടിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു. കൂടാതെ ഓഡിറ്റ് ഖണ്ഡികകളിന്മേൽ സർക്കാർ യഥാസമയം മറുപടി ലഭ്യമാക്കാത്തതിനാൽ റിപ്പോർട്ടുകൾ പരിശോധിക്കാൻ സമിതിക്ക് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും ഭാവിയിൽ ഇത്തരം പ്രവണതകൾ ആവർത്തിക്കരുതെന്നും സമിതി നിഷ്കർഷിച്ചു. സർക്കാർ തലത്തിലുള്ള ശരിയായ റിപ്പോർട്ട് ലഭിക്കാതെ ബന്ധപ്പെട്ടൊരു ഏജൻസിയുടെ മറുപടിയുടെ മാത്രം അടിസ്ഥാനത്തിൽ സമിതിക്കൊരു തീരുമാനമെടുക്കുവാൻ സാധിക്കുകയില്ലെന്നും ഇക്കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 28-3-2014-ലെ എൽ.എഫ്.5691/സ്പെ.സെൽ.ജി3/2014 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

ഭവനനിർമ്മാണത്തിനായി 1998-99 വർഷം സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നൽകിയ തുകയിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന 1,07,500 രൂപ സംസ്ഥാന നിർമ്മിതി കേന്ദ്രം ചെക്ക് നമ്പർ 000847/29-4-2013 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്

കൈമാറിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ടി തുക 20-6-2013-ന് ചെലാൻ നമ്പർ 70 പ്രകാരം സർക്കാരിലേക്ക് അടവാക്കുകയും ചെയ്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട സമിതിയെ അറിയിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**74. തിരൂർ ബ്ലോക്ക് പഞ്ചായത്തിൽ ഉല്ലാസ് നഗർ വൈദ്യുതീകരണ പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമായതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**75. വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**76. പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിലെ കോളനി വൈദ്യുതീകരണ പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**77. കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിൽ മൈത്രി ഭവന പദ്ധതിക്ക് ഹൗസിംഗ് ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 8,37,500 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**78. പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിൽ പാലപ്പെട്ടി ഗവൺമെന്റ് ഹൈസ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട നിർമ്മിതി കേന്ദ്രത്തോട് അന്തിമ റിപ്പോർട്ട് ആവശ്യപ്പെട്ട് ആയതിന്മേൽ തുടർനടപടി സ്വീകരിക്കാം എന്ന ഗ്രാമവികസന കമ്മീഷണറുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. ഭവനനിർമ്മാണത്തിനായി നിർമ്മിതി കേന്ദ്രത്തിന് നൽകിയ തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച 1,07,500 രൂപ സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**മാനദണ്ഡങ്ങൾ ലംഘിച്ച് പദ്ധതിപ്പണം ചെലവഴിച്ചു [ഓഡിറ്റ് റിപ്പോർട്ട് 2000-2001; ഖണ്ഡിക 3(11)]**

3-4-2000-ലെ ജി.ഒ. (എംഎസ്.) 17/2000/പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതി ഇല്ലാതെ തിരൂരങ്ങാടി താലൂക്ക് സഹകരണ കോളേജ് കെട്ടിടനിർമ്മാണത്തിന് 2 ലക്ഷം രൂപ നൽകി.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.73.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

79. ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും സംയുക്തമായി നടത്തിയ ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഗ്രാമപഞ്ചായത്തായിരുന്നെന്നും സഹകരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിൽ നിന്ന് തുക അനുവദിക്കാൻ പാടില്ലായെന്ന് നിയമമുണ്ടായിരുന്നെന്നും എന്നിരുന്നാലും പ്രവൃത്തി പൂർത്തീകരിക്കുകയും സ്ഥാപനം പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടെന്നും അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർ (ജനറൽ), മലപ്പുറം അറിയിച്ചു.

80. ഇപ്പോൾ സഹകരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിൽ നിന്ന് തുക അനുവദിക്കുന്നതിന് നിയമമുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ഇല്ലായെന്ന് അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർ (ജനറൽ), മലപ്പുറം മറുപടി പറഞ്ഞു.

81. സഹകരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിൽ നിന്ന് തുക അനുവദിക്കാൻ പാടില്ലാ എന്ന് അറിയില്ലായിരുന്നു എന്നാണ് സർക്കാർ മറുപടിയിൽനിന്ന് മനസ്സിലാക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടി. സർക്കാർ ചിലകാര്യങ്ങൾക്ക് പ്രത്യേകാനുമതി നല്കി എന്ന് പറഞ്ഞാൽ ആയതിനുള്ള വ്യവസ്ഥയുണ്ട് എന്നല്ല അർത്ഥമെന്ന് സമിതി ഓർമ്മിപ്പിച്ചു. പദ്ധതി അനുവദിച്ചപ്പോൾ തന്നെ ചില അവ്യക്തതകളുണ്ടായിരുന്നുവെന്ന് ഗ്രാമവികസന കമ്മീഷണർ വ്യക്തമാക്കി. പ്രസ്തുത പദ്ധതി ഡി.പി.സി. അംഗീകരിച്ചിട്ടുള്ളതാണെന്നും കൂട്ടായ പദ്ധതിയായതുകൊണ്ടാണ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് കൊടുത്തതെന്നും ഇപ്പോൾ പ്രവൃത്തി പൂർത്തിയായിട്ടുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു.

82. കെട്ടിടനിർമ്മാണം പൂർത്തിയായതിനാൽ തടസ്സം നീക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യു.

### നിഗമനങ്ങൾ/ശിപാർശകൾ

**83. ഓഡിറ്റ് പരാമർശത്തിന് നിദാനമായ പദ്ധതി ഡി.പി.സി. അംഗീകരിച്ചിട്ടുള്ളതാണെന്നും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും സംയുക്തമായി നടത്തിയ പദ്ധതി പൂർത്തിയായിട്ടുണ്ടെന്നും ബോധ്യപ്പെട്ടതിന്റെ**

**അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നതോടൊപ്പം പദ്ധതി നിർവ്വഹണ മാർഗ്ഗരേഖാ ഉത്തരവിന് വിരുദ്ധമായി തുക വിനിയോഗിക്കാൻ മുൻകൂർ അനുമതി വാങ്ങാതിരുന്ന നടപടിയിൽ സമിതി അതൃപ്തിയും രേഖപ്പെടുത്തുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കേന്ദ്രാവിഷ്കൃത പദ്ധതി-അർഹതയ്ക്കുപരിയായി ഭക്ഷ്യധാന്യം അനുവദിച്ചതുമൂലം കേന്ദ്ര സർക്കാരിന് നഷ്ടം 2,97,619 രൂപ**

കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ താഴെ പറയുന്ന മരാമത്ത് പണികൾക്ക് അർഹതയ്ക്കുപരിയായി ഭക്ഷ്യധാന്യം അനുവദിച്ചതുമൂലം കേന്ദ്ര സർക്കാരിന് 2,97,619 രൂപയുടെ നഷ്ടം ഉണ്ടായതായി കാണുന്നു.

| | സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പ്രവൃത്തിയുടെ പേര് | അർഹമായ അളവ് (കി. ഗ്രാം) | അനുവദിച്ച അളവ് (കി. ഗ്രാം) | അധികം അനുവദിച്ച അളവ് (കി. ഗ്രാം) | നഷ്ടം (രൂപ) 6.30/കി. |
|---|---|---|---|---|---|---|---|---|
| 1 | തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | 2002-03 | 3 (8) | കിളിപൂരം പറമ്പത്തായി റോഡ് പുനരുദ്ധാരണം | 7920 | 32967 | 25047 | 1,57,797 |
| 2 | തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | 2002-03 | 3 (7) | കളത്തോട് ഇരുമ്പോത്തിങ്ങൽ കടവ് റോഡ് പുനരുദ്ധാരണം | 7806 | 30000 | 22194 | 1,39,822 |
| | | | | | | | ആകെ | 2,97,619 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.73.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

84. കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ മരാമത്ത് പണികൾക്ക് അർഹതയ്ക്ക് ഉപരിയായി ഭക്ഷ്യധാന്യം അനുവദിച്ചതുമൂലം കേന്ദ്ര സർക്കാരിന് 2,97,619 രൂപയുടെ നഷ്ടം ഉണ്ടായതാണ് ഓഡിറ്റ് പരാമർശം എന്നും ഭക്ഷ്യധാന്യം അധികം നല്കിയിട്ടില്ലെന്നാണ് ഗ്രാമപഞ്ചായത്ത് പറയുന്നതെന്നും നിരീക്ഷിച്ച സമിതി ഇതെങ്ങനെ സംഭവിച്ചു എന്നാരാഞ്ഞു.

85. എസ്റ്റിമേറ്റ് ചെയ്തതിനെക്കാൾ കൂടുതൽ തുക കൊടുത്തിട്ടില്ല എന്നാണ് ഗ്രാമപഞ്ചായത്ത് പറയുന്നതെന്ന് SPAO ചൂണ്ടിക്കാട്ടി. ഓഡിറ്റിന്റെ വിശദാംശങ്ങൾ ലഭിച്ചാൽ ആയത് പരിശോധിക്കാമെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

86. പ്രവൃത്തികളുടെ ലേബർ/മെറ്റീരിയൽ സ്റ്റേറ്റ്മെന്റും ഭക്ഷ്യധാന്യ വിതരണത്തിലെ മസ്റ്റർ റോളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഒന്നുകൂടി പരിശോധിച്ചതിനുശേഷം ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 28-10-2013-ലെ എൽ.എഫ്.17607/സ്പെ.സെൽ.ജി2/13 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3 (7), 3 (8) എന്നിവയിൽ എസ്റ്റിമേറ്റിനനുസൃതമായ സ്റ്റാൻഡേർഡ് ഡാറ്റ പ്രകാരം ആവശ്യമായ മനുഷ്യദിനം ഉൾപ്പെടുത്തിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 3(7) കുളത്തോട് ഇരുമ്പോത്തിങ്ങൽ റോഡ്

ആവശ്യമായ മനുഷ്യദിനം 780.6 ഒരു മനുഷ്യദിനത്തിന് 10 കി.ഗ്രാം കണക്കിൽ ഭക്ഷ്യധാന്യം നല്കാവുന്നത് 7806 കി.ഗ്രാമാണ്. പകരം 30000 കി.ഗ്രാം നല്കി. കൺവീനർക്ക് നല്കിയ ഭക്ഷ്യധാന്യം തൊഴിലാളികൾക്ക് നല്കിയതിന്റെ കൈപ്പറ്റ് ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിക്ക് എത്ര തൊഴിൽ ദിനം ആവശ്യമാണ് എന്ന് വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റും ഭക്ഷ്യധാന്യം വിതരണം ചെയ്തതിനുള്ള കൈപ്പറ്റും നാളിതുവരേയും ലഭ്യമാക്കിയിട്ടില്ല. ഒരു തൊഴിൽ ദിനത്തിന് നല്കാവുന്ന പരമാവധി ഭക്ഷ്യധാന്യം സർക്കാർ നിശ്ചയിച്ചിട്ടുള്ളതിനാൽ അതിൽക്കവിഞ്ഞ് ഇഷ്യൂ ചെയ്യുന്ന ഭക്ഷ്യധാന്യത്തിന് സബ്സിഡി നിരക്ക് തന്നെ കണക്കിലെടുക്കാമെന്നും എഫ്.സി.ഐ. ഇഷ്യൂ നിരക്ക് പരിഗണിക്കേണ്ടതില്ലെന്നുമുള്ള മറുപടിയാണ് നല്കിയിട്ടുള്ളത് എന്നത് ബഹുമാനപ്പെട്ട സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഖണ്ഡിക 3 (8): കിളിപ്പുരം പറമ്പത്തായി റോഡ്

ആവശ്യമായ മനുഷ്യദിനം: 792 ഒരു മനുഷ്യദിനത്തിന് പരമാവധി കി.ഗ്രാം കണക്കിൽ 7920 കി.ഗ്രാം നല്കുന്നതിനുപകരം 32967 കി.ഗ്രാം ഭക്ഷ്യധാന്യം നല്കി. കൺവീനർക്ക് നല്കിയ ഭക്ഷ്യധാന്യം തൊഴിലാളികൾക്ക് നല്കിയതിന്റെ കൈപ്പറ്റ് ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിക്ക് എത്ര തൊഴിൽ ദിനം ആവശ്യമാണ് എന്ന് വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റും ഭക്ഷ്യധാന്യം വിതരണം ചെയ്തതിനുള്ള കൈപ്പറ്റും നാളിതുവരേയും ലഭ്യമാക്കിയിട്ടില്ല. ഒരു തൊഴിൽ ദിനത്തിന് നല്കാവുന്ന പരമാവധി ഭക്ഷ്യധാന്യം സർക്കാർ നിശ്ചയിച്ചിട്ടുള്ളതിനാൽ അതിൽക്കവിഞ്ഞ് ഇഷ്യൂ ചെയ്യുന്ന ഭക്ഷ്യധാന്യത്തിന് സബ്സിഡി നിരക്ക് തന്നെ കണക്കിലെടുക്കാമെന്നും എഫ്.സി.ഐ. ഇഷ്യൂ നിരക്ക് പരിഗണിക്കേണ്ടതില്ലെന്നുമുള്ള മറുപടിയാണ് നല്കിയിട്ടുള്ളത് എന്നത് ബഹുമാനപ്പെട്ട സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**87. കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ മരാമത്ത് പണികൾക്ക് അർഹതയ്ക്കുപരിയായി ഭക്ഷ്യധാന്യം അനുവദിച്ചതുമൂലം കേന്ദ്രസർക്കാരിന് 2,97,619 രൂപയുടെ നഷ്ടമുണ്ടായതായി സമിതി മനസ്സിലാക്കുന്നു. എസ്.ജി.ആർ.വൈ. മാർഗ്ഗനിർദ്ദേശത്തിലെ ഖണ്ഡിക 2.2 പ്രകാരം ഭക്ഷ്യധാന്യത്തിന്റെ ലഭ്യത അനുസരിച്ച് കൂടുതൽ ധാന്യം നൽകുന്നതിന് വ്യവസ്ഥയുണ്ടെന്നും ആയതിനാൽ 2002-2003 വർഷത്തിൽ കൂടുതൽ ധാന്യവിഹിതം ലഭിച്ചപ്പോൾ ഒരു മനുഷ്യദിനത്തിന് 10 കി.ഗ്രാം എന്ന ക്രമത്തിൽ ധാന്യങ്ങൾ നൽകിയതായും ആയിനത്തിൽ ടി പ്രവൃത്തികളുടെ അടങ്കൽ തുക അധികരിച്ചിട്ടില്ലെന്നും സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. പ്രവൃത്തികളുടെ ലേബർ/മെറ്റീരിയൽ സ്റ്റേറ്റ്മെന്റും ഭക്ഷ്യധാന്യ വിതരണത്തിന്റെ മസ്റ്റർ റോളും പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിച്ചതിൻ പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ ഒരു മനുഷ്യദിനത്തിൽ 10 കി.ഗ്രാം എന്ന ക്രമത്തിൽ 7806 കി.ഗ്രാം ഭക്ഷ്യധാന്യം നൽകേണ്ടയിടത്ത് 30000 കി.ഗ്രാമും 7920 കി.ഗ്രാം നൽകേണ്ടയിടത്ത് 32967 കി.ഗ്രാം ഭക്ഷ്യധാന്യം നൽകിയതായും സൂചിപ്പിച്ചിരിക്കുന്നു.**

**88. എന്നാൽ തൊഴിലാളികൾക്ക് ഭക്ഷ്യധാന്യം നൽകിയതിന്റെ കൈപ്പറ്റു രസീതോ പ്രവൃത്തികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ ആവശ്യമാണെന്നുള്ള രേഖകളോ ഓഡിറ്റ് വകുപ്പിന് നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെന്ന വസ്തുത ഗുരുതരമായ കൃത്യവിലോപമായി സമിതി കണക്കാക്കുന്നു. ഒരു തൊഴിൽ**

**ദിനത്തിന് പരമാവധി നൽകാവുന്ന ഭക്ഷ്യധാന്യം സർക്കാർ നിശ്ചയിച്ചിട്ടുള്ളതിൽ കവിഞ്ഞാൽ സബ്സിഡി നിരക്ക് തന്നെ നൽകാമെന്നും എഫ്.സി.ഐ.യുടെ നിരക്ക് പരിഗണിക്കേണ്ടതില്ലെന്നുള്ള സ്ഥാപനത്തിന്റെ വിശദീകരണത്തോട് സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത പ്രവൃത്തികളുടെ ലേബർ/മെറ്റീരിയൽ സ്റ്റേറ്റ്മെന്റും ഭക്ഷ്യധാന്യ വിതരണത്തിന്റെ മസ്റ്റർ റോളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് കൈമാറണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സ്ഥലം വാങ്ങൽ—അധിക ചെലവ് 1,67,328 രൂപ ഓഡിറ്റ് റിപ്പോർട്ട് 1999-2000; ഖണ്ഡിക 3 (8)**

1999-2000-ൽ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനു വേണ്ടി സ്ഥലം വാങ്ങിയതിൽ ഉടമ സമ്മതിച്ചിരുന്ന തുകയേക്കാൾ നല്കിയതുമൂലം 1,67,328 രൂപയുടെ അധിക ചെലവുണ്ടായി.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.74.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

89. 1999-2000 വർഷം കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനു വേണ്ടി സ്ഥലം വാങ്ങിയതിൽ ഉടമ സമ്മതിച്ചിരുന്ന തുകയേക്കാൾ കൂടുതൽ നല്കിയതുമൂലം 1,67,328 രൂപ അധിക ചെലവുണ്ടായതിന്റെ നിജസ്ഥിതിയെപ്പറ്റി സമിതി ആരാഞ്ഞു. ഭരണ സമിതി അംഗങ്ങൾ സർക്കാരിന് നല്കിയ മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് മാസത്തേക്ക് ആർ.ആർ. നടപടി സ്വീകരിക്കേണ്ടതില്ലെന്ന സർക്കാർ നിർദ്ദേശമുള്ളതായി ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

90. പത്രത്തിൽ പരസ്യം ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ആളുകൾ ഭൂമി കൊടുത്തതെന്നും ഇതുപ്രകാരം ഭൂവുടമ സമ്മതിച്ച തുകയേക്കാൾ കുറഞ്ഞ തുകയ്ക്ക് സമ്മതിച്ചുവെന്നു പറയുന്ന ഒരു കത്ത് ഫയലിൽ കാണുന്നുവെന്നും എന്നാൽ ഉടമ കുറഞ്ഞ സംഖ്യയ്ക്ക് ഭൂമി തരാൻ തയ്യാറുള്ളപ്പോൾ കൂടുതൽ തുകയ്ക്ക് ഭൂമി വാങ്ങി എന്നതാണ് ഓഡിറ്റ് തടസ്സം എന്നും സമിതി നിരീക്ഷിച്ചു.

91. സെന്റിന് 3,500 രൂപ നിരക്കിൽ ഭൂമി കൊടുക്കാമെന്ന് പറയുന്ന ഒരു കത്താണ് ഉടമ കൊടുത്തിരുന്നതെന്നും എന്നാൽ ഓഡിറ്റ് വേളയിൽ 2,000 രൂപയ്ക്ക് കൊടുക്കാമെന്ന് സമ്മതിച്ച കത്താണ് കണ്ടതെന്നും ആയതിൻപ്രകാരം പഞ്ചായത്ത് വാങ്ങിയ 2 ഏക്കർ, 49 സെന്റ് സ്ഥലത്തിന് 30% അധിക തുക കൂടി ഉൾപ്പെടുത്തി 2,600 രൂപ നിരക്കിൽ കൊടുത്തതിനാൽ ഒരു ലക്ഷത്തിലധികം രൂപ നഷ്ടമായി എന്നതാണ് ഓഡിറ്റ് തടസ്സം എന്നും നിയമസഭാ സെക്രട്ടേറിയറ്റ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

92. കളക്ടർ നിശ്ചയിക്കുന്ന വിലയ്ക്ക് കൊടുക്കാൻ സമ്മതമാണെന്ന് പറഞ്ഞുകൊണ്ടും, 3,500 രൂപയ്ക്ക് ഇത് വിട്ടുകൊടുക്കാൻ സമ്മതമാണെന്നുമുള്ള സി. ദിവാകരൻ എന്ന വ്യക്തിയുടെ രണ്ട് കത്തുകൾ ഫയലിൽ കാണുന്നതായി ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

93. എന്നാൽ ശ്രീ. ദിവാകരൻ അങ്ങനെയൊരു കത്തു കൊടുത്തിട്ടില്ല എന്ന് പറഞ്ഞ സ്ഥിതിക്ക് രണ്ടു കത്തുകൾ ഫയലിൽ കാണുന്നത് ഗുരുതരമായ ഒരു പ്രശ്നമാണെന്നും സർക്കാർ ഇക്കാര്യം ഒന്നുകൂടി പഠിച്ചശേഷം ആയതിന്റെ നിജസ്ഥിതി സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

94. **1999-2000-ൽ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് വാങ്ങിയ സ്ഥലത്തിന് ഉടമ സമ്മതിച്ചതിനേക്കാൾ കൂടുതൽ തുക നൽകിയതുമൂലം 1,67,328 രൂപയുടെ അധിക ചെലവുണ്ടായതായി സമിതി മനസ്സിലാക്കുന്നു. കളക്ടർ നിശ്ചയിച്ച വിലയ്ക്ക് ഭൂമി കൊടുക്കാൻ സമ്മതമാണെന്നും 3,500 രൂപയ്ക്ക് ഭൂമികൊടുക്കാൻ സമ്മതമാണെന്നും സൂചിപ്പിച്ച് ഒരേ വ്യക്തിയുടെ രണ്ട് കത്തുകൾ ഫയലിൽ കണ്ടതായുള്ള ഗ്രാമവികസന കമ്മീഷണറുടെ വിശദീകരണത്തിൽ നിന്നും ഇത് ഗുരുതരമായ ഒരു പ്രശ്നമാണെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ അങ്ങനെയൊരു കത്ത് കൊടുത്തിട്ടില്ലായെന്ന് ബന്ധപ്പെട്ട വ്യക്തി വെളിപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയം സർക്കാർ വിശദമായി പഠിച്ച് റിപ്പോർട്ട് ചെയ്യണമെന്ന സമിതി നിർദ്ദേശം സംബന്ധിച്ച് യാതൊരു മറുപടിയും സർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമാക്കിയില്ല എന്നത് സമിതിയോടുള്ള കടുത്ത അനാദരവാണെന്ന് സമിതി വിലയിരുത്തുന്നു.**

95. **ആയതിനാൽ സമിതി ആവശ്യപ്പെട്ട വിവരങ്ങൾ എത്രയുംവേഗം ലഭ്യമാക്കുന്നതോടൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥനെതിരെയുള്ള ആർ.ആർ. നടപടിയുടെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു.**

# പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

## പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ വ്യക്തമായ പഠനം നടത്താതെ പ്രോജക്ടുകൾ തയ്യാറാക്കുകയും അതിനു വേണ്ടി പദ്ധതിപ്പണം വിനിയോഗിക്കുകയും ചെയ്തു കാണുന്നു. തൻമൂലം പദ്ധതി പൂർത്തിയാക്കാനോ അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കാനോ സാധിച്ചിട്ടില്ല. അതിനുവേണ്ടി ചെലവിട്ട തുക പാഴായി. വിശദവിവരം ചുവടെ ചേർക്കുന്നു:

| | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ | പദ്ധതി വിവരണം | ചെലവിട്ട തുക (രൂപ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1999-2000 (ചെലവ്) | 2 (10) | ബാലികാസദനത്തിന് എഗ്ഗർ നഴ്സറി | 47,663 | കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കിയില്ല |
| 2 | 1999-2000 (ചെലവ്) | 2 (11) | എടപ്പാൾ ഗാന്ധി സദനത്തിൽ എഗ്ഗർ നഴ്സറി | 52,463 | കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കിയില്ല |
| 3 | 1999-2000 (ചെലവ്) | 2 (13) | അംഗനവാടി കെട്ടിട നിർമ്മാണം | 59,000 | വട്ടംകുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സ്ഥലത്ത് അനുമതിയില്ലാതെ പണി തുടങ്ങിയതിനാൽ പൂർത്തിയാക്കാനായില്ല |
| | | | ആകെ | 1,59,126 | |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.75.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

96. പദ്ധതിക്കനുവദിച്ച തുക പൂർണ്ണമായി ചെലവഴിക്കുകയും ആയതിനുള്ള ആസ്തി സൃഷ്ടിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിലും പദ്ധതി നിർവ്വഹണത്തെക്കുറിച്ച് ക്രമക്കേടുകളൊന്നും ആരോപിക്കപ്പെട്ടിട്ടില്ലാ എന്നുമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യു.

**അംഗനവാടി കെട്ടിടനിർമ്മാണം**

97. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തടസ്സമായി നിൽക്കുന്നത് ബന്ധപ്പെട്ട സി.ഡി.പി.ഒ.യുടെ റിപ്പോർട്ടിന്റെ അഭാവമാണെന്ന് സമിതി നിരീക്ഷിച്ചു. ആർ.ഡി.സി.യുടെ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്ന് അഡീ. ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ, മലപ്പുറം) അറിയിച്ചു. സമിതിക്ക് പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നും സി.ഡി.പി.ഒ.യുടെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കി പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു.

### നിഗമനങ്ങൾ/ശിപാർശകൾ

**98. ബാലികാസദനത്തിനും എടപ്പാൾ ഗാന്ധി സദനത്തിനും എഴൂർ നല്ലറി എന്ന പദ്ധതികൾക്കനുവദിച്ച തുക പൂർണ്ണമായി ചെലവഴിക്കുകയും ആയതിനുള്ള ആസ്തി സൃഷ്ടിക്കപ്പെടുകയും ചെയ്തതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**99. വട്ടംകുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അനുമതിയോടെ അംഗനവാടി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും കെട്ടിട നിർമ്മാണ ത്തിനുപയോഗിച്ച പണം പാഴ്ചെലവായിട്ടില്ലെന്നുമുള്ള സി.ഡി.പി.ഒ.യുടെ സർട്ടിഫിക്കറ്റ് ഓഡിറ്റിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചി രുന്നെങ്കിലും ആയത് സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല എന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ ഇത് സംബന്ധിച്ച എല്ലാ രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റിന് ഹാജരാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

## പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം—നഷ്ടം**

**1,25,775 രൂപ ഓഡിറ്റ് റിപ്പോർട്ട് 1999-2000 (ചെലവ്) ഖണ്ഡിക 2(6)**

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം പഞ്ചായത്ത് നേരിട്ട് നടത്തിയതിന് വാങ്ങിയ മെറ്റീരിയലിൽ അധികം വന്നതിന്റെ വിലയിനത്തിലുള്ള നഷ്ടം 1,25,775 രൂപ. 14,38,991 രൂപ ചെലവഴിച്ച പ്രവൃത്തി പൂർത്തിയാക്കിയിട്ടുമില്ല. മുകളിലെ നിലയിലെ കോൺക്രീറ്റ് പ്രവൃത്തിപോലും പൂർത്തിയാക്കാത്തതിനാൽ ജനൽ, കട്ടിള, വെന്റിലേറ്റർ തുടങ്ങിയവ വെയിലും മഴയും കൊണ്ട് ദ്രവിച്ച് പോയിട്ടുണ്ട്. കൂടാതെ, കെട്ടിടത്തിന്റെ സ്ട്രക്ച്ചറിനുപോലും നാശം വന്നതായി കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ റിപ്പോർട്ടിൽ കാണുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.75.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

100. ബ്ലോക്ക് പഞ്ചായത്താഫീസ് കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട അധികം വന്ന മെറ്റീരിയൽസ് ഉപയോഗപ്പെടുത്തിയതിന് തെളിവുണ്ടോയെന്നും ബ്ലോക്ക് ഓഫീസ് പുതുക്കിയ കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത് എന്നും സമിതി ആരാഞ്ഞതിന് പ്രത്യേക സർക്കാർ ഉത്തരവുപ്രകാരം 26-4-2000-ൽ കെട്ടിടത്തിന്റെ പണി ആരംഭിച്ചത് പൂർത്തിയാക്കിയെന്നും പ്രസ്തുത കെട്ടിടത്തിലാണ് 20-10-2008 മുതൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചു വരുന്നതെന്നും ആയതിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നും പൊന്നാനി ബി.ഡി.ഒ. അറിയിച്ചു.

101. ഓഡിറ്റ് പരാമർശത്തിനു നിദാനമായ നഷ്ടത്തിനുത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പ്രസ്തുത തുക ഈടാക്കുന്നതിനുള്ള ആർ.ആർ. നടപടി സ്വീകരിച്ചോ എന്നുള്ള സമിതിയുടെ ചോദ്യത്തിന് നഷ്ടത്തിനുത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കൽ നിന്നും ആർ.ആർ. നടപടികളിലൂടെ പ്രസ്തുത തുക ഈടാക്കുവാൻ 2007-ൽ ഡെപ്യൂട്ടി കളക്ടർക്ക് നിർദ്ദേശം നല്കിയിരുന്നുവെങ്കിലും ആയതിന് നിയമാനുസൃതമായ ഒരു മറുപടി ലഭിച്ചിട്ടില്ലെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും പ്രസ്തുത റിപ്പോർട്ട് കിട്ടിയാലുടൻ ആർ.ആർ. നടപടി എടുക്കുന്നതാണെന്നും പൊന്നാനി ബി.ഡി.ഒ. ഉറപ്പു നൽകി.

102. പ്രസ്തുത സംഭവം നടന്നതെന്നാണെന്നും ആർ.ആർ. നടപടി സ്വീകരിക്കേണ്ടത് എന്നായിരുന്നുവെന്നും സമിതി ആരാഞ്ഞതിന് 1999-ലാണ് ടി സംഭവം നടന്നതെന്നും 2007-ൽ ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർക്ക് ഇതിന്മേൽ കത്തയച്ചെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ലെന്നും ബി.ഡി.ഒ. മറുപടി പറഞ്ഞു.

103. നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നു വിരമിക്കുന്നതുവരെ ആർ.ആർ. നടപടി സ്വീകരിക്കുന്നതിന് കാലവിളംബം വരുത്തിയത് മനഃപൂർവ്വമാണെന്നും ആയതിനുത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ സർക്കാർ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

104. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് വാങ്ങിയ മെറ്റീരിയൽസ് അധികം വന്നതിന്റെ ഫലമായി 1,25,775 രൂപയുടെ നഷ്ടമുണ്ടായതായി സമിതി മനസ്സിലാക്കുന്നു. ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ ആർ.ആർ. നടപടി സ്വീകരിക്കാതിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് സംബന്ധിച്ച് യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

105. ആയതിനാൽ നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനെതിരെയുള്ള ആർ.ആർ. നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും 1999-ൽ സാമ്പത്തിക നഷ്ടമുണ്ടാക്കിയ ഉദ്യോഗസ്ഥനെതിരെ 2007 വരെ നടപടി സ്വീകരിക്കാതെ ടിയാനെ റിട്ടയർ ചെയ്യാൻ അനുവദിക്കുകയും ചെയ്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ജൂലൈ 23.

875/2015.

## അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 7 | മങ്കട ബ്ലോക്ക് പഞ്ചായത്ത് | വ്യവസായ വികസനത്തിനായി അനുവദിച്ച 34 പ്ലോട്ടുകളിൽ 25 പ്ലോട്ടുകളിലായി 13 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചതായും അവശേഷിക്കുന്ന പ്ലോട്ടുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണെന്നുമുള്ള സർക്കാർ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 23 | ,, | കുടുംബശ്രീയുടെയും കാർഷിക മേഖലയിലെയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം നിർമ്മിച്ചു നൽകിയതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ മാർക്കറ്റിനായി പൂർത്തിയാക്കിയ കെട്ടിടം സർക്കാർ അനുമതി ഇല്ലാതെ സബ് ട്രഷറി ആരംഭിക്കുന്നതിന് കൈമാറിയ നടപടി സമിതി സംശയത്തോടെ വീക്ഷിക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്ന് സമിതിയുടെ 29-12-2012-ലെ യോഗം നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് സംബന്ധിച്ച് നാളിതുവരെ യാതൊരു മറുപടിയും നൽകാത്ത സർക്കാർ നടപടി നിരുത്തരവാദപരവും സമിതിയോടുള്ള കടുത്ത അനാദരവുമായി കണക്കാക്കുന്നു. |
| 3 | 24 | ,, | മാർക്കറ്റിനായി നിർമ്മിച്ച കെട്ടിടത്തിൽ സബ് ട്രഷറി ആരംഭിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | 37 | വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | തൊഴിൽരഹിതരായ വനിതകൾക്കുവേണ്ടി സഹകരണ മേഖലയിൽ ആരംഭിച്ച ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സിൽ ഒരു വനിത ഒഴികെയുള്ള അംഗങ്ങൾ പുറത്തുനിന്നുള്ള പുരുഷന്മാരുമായിരുന്നു എന്നും സംഘത്തിന്റെ പേരിൽ സ്വകാര്യ വ്യക്തികളാണ് പ്രസ്സ് നടത്തിയിരുന്നതെന്നുമുള്ള വസ്തുത ഉദ്യോഗസ്ഥരുടെയും ഭരണ സംവിധാനത്തിന്റെയും ഭാഗത്തുള്ള വീഴ്ചയായി സമിതി വിലയിരുത്തുന്നു. സഹകരണമേഖലയിൽ പ്രവർത്തന അനുഭവമില്ലാത്ത ഒരു സംഘത്തിന് ഭീമമായ തുക ചെലവഴിച്ച് പ്രസ്സ് നടത്തിപ്പിനായി ഉപകരണങ്ങൾ വാങ്ങിയത് ദുരുദ്ദേശപരമായിരുന്നെന്ന് സമിതി ആശങ്കപ്പെടുന്നു. എന്നാൽ പ്രസ്തുത സഹകരണ സംഘം ഇപ്പോൾ ലിക്വിഡേഷനിലാണെന്നും സെക്ഷൻ 65 പ്രകാരം അന്വേഷണം നടത്തി സംഘത്തിന്റെ സമാപ്തീകരണത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയിൽ വെളിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, ലിക്വിഡേഷൻ നടപടി എത്രയുംവേഗം പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ ടി വിഷയം സംബന്ധിച്ച് യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. തെളിവെടുപ്പുവേളയിൽ സമിതിക്ക് നൽകുന്ന ഉറപ്പു പാലിക്കാതിരിക്കുന്നത് സമിതിയോടുള്ള അനാദരവായി സമിതി വിലയിരുത്തുന്നു. |
| 5 | 38 | ,, | സഹകരണ സംഘത്തിന്റെ പ്രവൃത്തി വിലയിരുത്തി സെക്ഷൻ 65 പ്രകാരം അന്വേഷണം നടത്തി ലിക്വിഡേഷൻ നടപടി പൂർത്തിയാക്കി അടിയന്തരമായി റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | 42 | പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് | പദ്ധതി ബന്ധപ്പെട്ട ഗുണഭോക്തൃ സമിതി പൂർത്തീകരിക്കുകയും അഡ്വാൻസ് തുകയായ 20,000 രൂപ അന്തിമ ബിൽ തുകയിൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള ഗ്രാമവികസന കമ്മീഷണറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 46 | ,, | പെരിന്തൽമണ്ണ ബ്ലോക്കിലെ 9 വാർഡുകളിൽ സമ്പൂർണ്ണ ശുചിത്വ പരിപാടി നടത്തിപ്പിനായി കൈപ്പറ്റിയ അത്രയും തുകയ്ക്ക് കക്കൂസ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചതായി മിക്കവാറും ഗുണഭോക്താക്കളിൽ നിന്നും സാക്ഷ്യപത്രവും അതത് ഗ്രാമപഞ്ചായത്തുകളിലെ വി.ഇ.ഒ.മാരുടെ അന്വേഷണ റിപ്പോർട്ടും ഹാജരാക്കിയിട്ടുണ്ടെന്നും ആയത് ബ്ലോക്ക് പഞ്ചായത്ത് അംഗീകരിക്കുകയും ധനസഹായത്തിന് അർഹരായ ഗുണഭോക്താക്കളിൽ പലരും മരണപ്പെടുകയോ താമസം മാറിപ്പോവുകയോ ചെയ്തിട്ടുള്ളതായും, കാലപ്പഴക്കം വന്ന കേസായതിനാൽ പരമാവധി രേഖകൾ ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 52 | തിരൂർ ബ്ലോക്ക് പഞ്ചായത്ത് | പരാമർശ വിധേയമായ 15 പ്രവൃത്തികളുടെയും മുൻകൂർ ക്രമീകരിച്ചിട്ടുണ്ടെന്നും മങ്ങാട്ടിരി ശ്മശാനം ഷെഡ് എന്ന പ്രവൃത്തിക്ക് മുൻകൂർ അനുവദിച്ച 6,250 രൂപ കൺവീനർ 8/9-10-2012 നമ്പർ രസീതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | 54 | പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് & പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് | ഓഡിറ്റ് പരാമർശത്തിന് നിദാനമായ തുക പലിശ സഹിതം ഈടാക്കിയിട്ടുണ്ടെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 57 | ,, | വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി., കെ.എസ്.എച്ച്.ബി., സംസ്ഥാന നിർമ്മിതികേന്ദ്രം എന്നീ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെന്ന മലപ്പുറം അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർ (ജനറൽ)റുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 62 | ,, | ചേന്നര പെരുന്തിരുത്തി വടക്കേത്തറ ഹരിജൻ കോളനി വൈദ്യുതീകരണം പൂർത്തീകരിച്ചതായി ആലത്തിയൂർ കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 74 | തിരൂർ ബ്ലോക്ക് പഞ്ചായത്ത് | തിരൂർ ബ്ലോക്ക് പഞ്ചായത്തിൽ ഉല്ലാസ് നഗർ വൈദ്യുതീകരണ പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമായതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 75 | വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 14 | 76 | പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് | പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിലെ കോളനി വൈദ്യുതീകരണ പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 77 | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിൽ മൈത്രി ഭവന പദ്ധതിക്ക് ഹൗസിംഗ് ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 8,37,500 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 78 | പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് | പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിൽ പാലപ്പെട്ടി ഗവൺമെന്റ് ഹൈസ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട നിർമ്മിതി കേന്ദ്രത്തോട് അന്തിമ റിപ്പോർട്ട് ആവശ്യപ്പെട്ട് ആയതിന്മേൽ തുടർനടപടി സ്വീകരിക്കാം എന്ന ഗ്രാമവികസന കമ്മീഷണറുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. ഭവന നിർമ്മാണത്തിനായി നിർമ്മിതി കേന്ദ്രത്തിന് നൽകിയ തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച 1,07,500 രൂപ സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 83 | തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | ഓഡിറ്റ് പരാമർശത്തിന് നിദാനമായ പദ്ധതി ഡി.പി.സി. അംഗീകരിച്ചിട്ടുള്ളതാണെന്നും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും സംയുക്തമായി നടത്തിയ പദ്ധതി പൂർത്തിയായിട്ടുണ്ടെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നതോടൊപ്പം പദ്ധതി നിർവ്വഹണ മാർഗ്ഗരേഖാ ഉത്തരവിന് വിരുദ്ധമായി തുക വിനിയോഗിക്കാൻ മുൻകൂർ അനുമതി വാങ്ങാതിരുന്ന നടപടിയിൽ സമിതി അതൃപ്തിയും രേഖപ്പെടുത്തുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 18 | 87 | തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ മരാമത്ത് പണികൾക്ക് അർഹതയ്ക്കുപരിയായി ഭക്ഷ്യധാന്യം അനുവദിച്ചതുമൂലം കേന്ദ്രസർക്കാരിന് 2,97,619 രൂപയുടെ നഷ്ടമുണ്ടായതായി സമിതി മനസ്സിലാക്കുന്നു. എസ്.ജി.ആർ.വൈ. മാർഗ്ഗനിർദ്ദേശത്തിലെ ഖണ്ഡിക 2.2 പ്രകാരം ഭക്ഷ്യധാന്യത്തിന്റെ ലഭ്യത അനുസരിച്ച് കൂടുതൽ ധാന്യം നൽകുന്നതിന് വ്യവസ്ഥയുണ്ടെന്നും ആയതിനാൽ 2002-2003 വർഷത്തിൽ കൂടുതൽ ധാന്യവിഹിതം ലഭിച്ചപ്പോൾ ഒരു മനുഷ്യദിനത്തിന് 10 കി.ഗ്രാം എന്ന ക്രമത്തിൽ ധാന്യങ്ങൾ നൽകിയതായും ആയിനത്തിൽ ടി പ്രവൃത്തികളുടെ അടങ്കൽ തുക അധികരിച്ചിട്ടില്ലെന്നും സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. പ്രവൃത്തികളുടെ ലേബർ/മെറ്റീരിയൽ സ്റ്റേറ്റ്മെന്റും ഭക്ഷ്യധാന്യ വിതരണത്തിന്റെ മസ്റ്റർ റോളും പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിച്ചതിൻ പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ ഒരു മനുഷ്യദിനത്തിൽ 10 കി.ഗ്രാം എന്ന ക്രമത്തിൽ 7806 കി.ഗ്രാം ഭക്ഷ്യധാന്യം നൽകേണ്ടയിടത്ത് 30000 കി.ഗ്രാമും 7920 കി.ഗ്രാം നൽകേണ്ടയിടത്ത് 32967 കി.ഗ്രാം ഭക്ഷ്യധാന്യം നൽകിയതായും സൂചിപ്പിച്ചിരിക്കുന്നു. |
| 19 | 88 | ,, | എന്നാൽ തൊഴിലാളികൾക്ക് ഭക്ഷ്യധാന്യം നൽകിയതിന്റെ കൈപ്പറ്റ രസീതോ പ്രവൃത്തികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ ആവശ്യമാണെന്നുള്ള രേഖകളോ ഓഡിറ്റ് വകുപ്പിന് നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെന്ന വസ്തുത ഗുരുതരമായ കൃത്യവിലോപമായി സമിതി കണക്കാക്കുന്നു. ഒരു തൊഴിൽ ദിനത്തിന് പരമാവധി നൽകാവുന്ന ഭക്ഷ്യധാന്യം സർക്കാർ നിശ്ചയിച്ചിട്ടുള്ളതിൽ കവിഞ്ഞാൽ സബ്സിഡി നിരക്ക് തന്നെ നൽകാമെന്നും എഫ്.സി.ഐ.യുടെ നിരക്ക് പരിഗണിക്കേണ്ടതില്ലെന്നുള്ള സ്ഥാപനത്തിന്റെ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | വിശദീകരണത്തോട് സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത പ്രവൃത്തികളുടെ ലേബർ/മെറ്റീരിയൽ സ്റ്റേറ്റ്മെന്റും ഭക്ഷ്യധാന്യ വിതരണത്തിന്റെ മസ്റ്റർ റോളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് കൈമാറണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 94 | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | 1999-2000-ൽ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് വാങ്ങിയ സ്ഥലത്തിന് ഉടമ സമ്മതിച്ചതിനേക്കാൾ കൂടുതൽ തുക നൽകിയതുമൂലം 1,67,328 രൂപയുടെ അധിക ചെലവുണ്ടായതായി സമിതി മനസ്സിലാക്കുന്നു. കളക്ടർ നിശ്ചയിച്ച വിലയ്ക്ക് ഭൂമി കൊടുക്കാൻ സമ്മതമാണെന്നും 3,500 രൂപയ്ക്ക് ഭൂമികൊടുക്കാൻ സമ്മതമാണെന്നും സൂചിപ്പിച്ച് ഒരേ വ്യക്തിയുടെ രണ്ട് കത്തുകൾ ഫയലിൽ കണ്ടതായുള്ള ഗ്രാമവികസന കമ്മീഷണറുടെ വിശദീകരണത്തിൽ നിന്നും ഇത് ഗുരുതരമായ ഒരു പ്രശ്നമാണെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ അങ്ങനെയൊരു കത്ത് കൊടുത്തിട്ടില്ലായെന്ന് ബന്ധപ്പെട്ട വ്യക്തി വെളിപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയം സർക്കാർ വിശദമായി പഠിച്ച് റിപ്പോർട്ട് ചെയ്യണമെന്ന സമിതി നിർദ്ദേശം സംബന്ധിച്ച് യാതൊരു മറുപടിയും സർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമാക്കിയില്ല എന്നത് സമിതിയോടുള്ള കടുത്ത അനാദരവാണെന്ന് സമിതി വിലയിരുത്തുന്നു. |
| 21 | 95 | ,, | ആയതിനാൽ സമിതി ആവശ്യപ്പെട്ട വിവരങ്ങൾ എത്രയും വേഗം ലഭ്യമാക്കുന്നതോടൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥനെതിരെയുള്ള ആർ.ആർ. നടപടിയുടെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 22 | 98 | പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് | ബാലികാ സദനത്തിനും എടപ്പാൾ ഗാന്ധി സദനത്തിനും എഗ്ഗർ നഴ്സറി എന്ന പദ്ധതികൾക്കനുവദിച്ച തുക പൂർണ്ണമായി ചെലവഴിക്കുകയും ആയതിനുള്ള ആസ്തി സൃഷ്ടിക്കപ്പെടുകയും ചെയ്തതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 99 | ,, | വട്ടംകുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അനുമതിയോടെ അംഗനവാടി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും കെട്ടിട നിർമ്മാണ ത്തിനുപയോഗിച്ച പണം പാഴ്ചെലവായിട്ടില്ലെന്നുമുള്ള സി.ഡി.പി.ഒ.യുടെ സർട്ടിഫിക്കറ്റ് ഓഡിറ്റിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല എന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ ഇത് സംബന്ധിച്ച എല്ലാ രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റിന് ഹാജരാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 104 | ,, | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് വാങ്ങിയ മെറ്റീരിയൽസ് അധികം വന്നതിന്റെ ഫലമായി 1,25,775 രൂപയുടെ നഷ്ടമുണ്ടായതായി സമിതി മനസിലാക്കുന്നു. ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ ആർ.ആർ. നടപടി സ്വീകരിക്കാതിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് സംബന്ധിച്ച് യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 25 | 105 | പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് | ആയതിനാൽ നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനെതിരെയുള്ള ആർ.ആർ. നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും 1999-ൽ സാമ്പത്തിക നഷ്ടമുണ്ടാക്കിയ ഉദ്യോഗസ്ഥനെതിരെ 2007 വരെ നടപടി സ്വീകരിക്കാതെ ടിയാനെ റിട്ടയർ ചെയ്യാൻ അനുവദിക്കുകയും ചെയ്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

അനുബന്ധം II

## സർക്കാരിൽനിന്നുള്ള മറുപടി

**ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ മങ്കട ബ്ലോക്ക് പഞ്ചായത്ത് മലപ്പുറം ജില്ല സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതപരിഹാര നടപടി പത്രിക**

**(Remedial Measures Taken Statement)**

**മങ്കട ബ്ലോക്ക് പഞ്ചായത്ത്** **തീയതി – 12.02.2009**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശങ്ങളിൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 6 | 2005-06 | 2.61 (1) | | ആകെയുള്ള 34 വ്യവസായ പ്ലോട്ടുകളിൽ 12 പ്ലോട്ടുകളിലായി 8 സ്ഥാപനങ്ങൾ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. 4 പ്ലോട്ടുകളിലായി 20 ലക്ഷം രൂപാ മുടക്കിൽ ബയോഫ്യൂവൽ ബ്രിക്കറ്റ് നിർമ്മാണ യൂണിറ്റിന്റെയും മറ്റൊരു പ്ലോട്ടിൽ വെനീർ നിർമ്മാണ യൂണിറ്റിന്റെയുംപ്രവർത്തന നടപടികൾ പൂർത്തീകരിച്ചുവരുന്നു. 10 പ്ലോട്ടുകൾ നടപ്പ് വർഷം തിരിച്ച് പിടിച്ച് പുതിയ സംരംഭകർക്കായി അനുവദിച്ചു കൊടുത്തു. അവയിൽ നിർമ്മാണപ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്. ബാക്കിയുള്ള 7 പ്ലോട്ടുകൾ 12/11/08 ലെ ഭരണസമിതി തീരുമാനപ്രകാരം തിരിച്ചെടുത്ത് റീ-അലോട്ട്ചെയ്തു. |

| | | | | |
|---|---|---|---|---|
| 6 | 2005-06 | 2.61 (2) | | മാർക്കറ്റിന്റെ പണി പൂർത്തിയാക്കുകയും 27/01/06 ന് 175000 (ഒരുലക്ഷത്തി എഴുപത്തി അയ്യായിരം )രൂപയുടെ ഫൈനൽബിൽ അംഗീകരിച്ച് ബാക്കി തുക കൺവീനർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 09/06/08 ന് നടന്ന ബ്ലോക്ക് പഞ്ചായത്ത് യോഗത്തിലെ 4(1) തീരുമാനപ്രകാരം ബ്ലോക്കിലെ എസ്.ജി.എസ്.വൈ , ഐ.ആർ.ഡി.പി യൂണിറ്റുകളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വേണ്ടി ഒരു മുറിബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ നിലനിർത്തി കൊണ്ട് ഭാവിപ്രവർത്തനങ്ങൾക്കായി പ്രസ്തുത കെട്ടിടം കരൈപറമ്പ് ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് തീരുമാനിച്ചു.16/08/08 ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ കരൈപറമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡണ്ട് , ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവർ കൂടിയ യോഗത്തിൽ കെട്ടിടത്തിലെ റൂമുകൾക്ക് നമ്പരിടുന്നതിനും ബ്ലോക്ക് പഞ്ചായത്തിന് നീക്കിവെച്ച മുറി ഒഴിച്ച് ബാക്കിയുള്ളവ ലേലം ചെയ്ത് പ്രവർത്തന സജ്ജമാക്കുന്നതിന് ഗ്രാമ പഞ്ചായത്തിനെ ചുമതലപ്പെടുത്തുകയും ഈ ഇനത്തിൽ ലഭിക്കുന്ന വരുമാനം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിക്ഷേപിക്കുന്നതിനും. കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ കാലാകാലങ്ങളിൽ ഗ്രാമ പഞ്ചായത്ത് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.ഇതിന്റെ അടിസ്ഥാനത്തിൽ 18.08.2008 ന് പ്രസ്തുത കെട്ടിടം കരൈപറമ്പ് ഗ്രാമ പഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്.കെട്ടിടം പൂർണ്ണമായ തോതിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ വെള്ളം, വൈദ്യുതി എന്നിവ ലഭിക്കുന്നതിനും വെയ്സ്റ്റ് നിക്ഷേപിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് കരൈപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 15.12.07 ലെ 6(1) തീരുമാനപ്രകാരം നടപടി കൈക്കൊള്ളുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | കരമംപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2008–09 വർഷത്തെ മെയിന്റനൻസ് ഗ്രാന്റിൽ മാർക്കറ്റിന് ഷട്ടർസ്ഥാപിക്കുന്നതിനും ഫ്ളോറിംഗ് നടത്തുന്നതിനും ഒന്നരലക്ഷം രൂപ അടങ്കലുള്ള ഒരു പ്രോജക്ടും (പ്രോ.ന. 46) മാർക്കറ്റ് മാലിന്യസംസ്കരണത്തിനായി ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് 275000 രൂപ അടങ്കലുള്ള മറ്റൊരു പ്രോജക്ടും (പ്രോ.ന.3) ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് വേണ്ടിയുള്ള ടെണ്ടറുകൾ 08/1/09 ന് നടത്തുകയും കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കുകയും ചെയ്തിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ റിപ്പോർട്ടിൻമേൽ വെങ്ങര ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
| --- | --- | --- | --- | --- |
| 1 | 2005-06 | 2.62.1 | | 1. ബ്ലോക്ക് പഞ്ചായത്ത് വികസന സ്ഥിരം സമിതി ചെയർമാന്റെ അദ്ധ്യക്ഷതയിൽ അന്വേഷണ കമ്മീഷനെ നിയോഗിക്കുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. (റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു.)<br>2. വനിതാ സഹകരണ സംഘം അംഗങ്ങളുടെ യോഗം വിളിച്ചു ചേർത്ത് നിലവിലെ സ്ഥിതി വിലയിരുത്തി. (യോഗത്തിന്റെ മിനിട്ട്സ് ഉള്ളടക്കം ചെയ്യുന്നു.)<br>3. സംഘത്തിന് നൽകിയ പ്രസ്സ്, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ തിരിച്ചെടുക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

# ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ മലപ്പുറം ജില്ലയിലെ ബ്ളോക്ക് പഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതപരിഹാരപത്രിക

| | | | |
|---|---|---|---|
| പൊതുപ രാമർശം മലപ്പുറം | 3.71.6 | | **പെരിന്തൽമണ്ണ ഖണ്ഡിക നം. 2(21)**<br><br>മാരമ്പറ്റകുന്ന് കുടിവെള്ള പദ്ധതി -ക്യാൻസൽ ചെയ്ത പ്രവൃത്തിക്ക് കൺവീനർക്ക് നൽകിയ തുക തിരിച്ചുപിടിക്കാത്തത് - സംബന്ധിച്ച്<br>മാരാമ്പറ്റകുന്ന് കുടിവെള്ള പദ്ധതി എന്ന പ്രവൃത്തി ബന്ധപ്പെട്ട ഗുണഭോക്തൃ സമിതി എന്നനിലയിൽ പൂർത്തീകരിക്കുകയും അഡ്വാൻസ് നൽകിയ 20,000/- രൂപ 23.03.2002ൽ ഫൈനൽബില്ല് തുകയിൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ഫയൽ ഓഡിറ്റ് ടീം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു. |
| | | | **പെരിന്തൽമണ്ണ 2(7)**<br><br>മുൻകൂർ തുക കൈപ്പറ്റി നാളിതുവരെ പ്രവർത്തി പൂർത്തിയാകാത്തത് സംബന്ധിച്ച്<br><br>ജനകീയാസൂത്രണം 1999-2000 പ്രോജക്ട് നം. 69 സമ്പൂർണ്ണ ശുചിത്വ പരിപാടി നടത്തിപ്പിനായി താഴെക്കോട്, ആലിപറമ്പ്, പഞ്ചായത്തുകളിലെ 9 വാർഡുകളിൽ കക്കൂസ് നിർമ്മാണ പ്രവൃത്തിക്ക്<br>കൈപ്പറ്റിയവർ പ്രവർത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. |

| | | | |
|---|---|---|---|
| 1. ശ്രീ.നാലാകത്ത് മുഹമ്മദാലി S/o മരക ഹാജി, താഴേക്കോട്.<br>2. ശ്രീ.അലി പൂതംകോടൻ, S/o മുഹമ്മ താഴേക്കോട്.<br>3. പുളിക്കാടൻ മൊയ്തു. S/o പോക്കർ പ കുളം<br>4. ശ്രീ.മുഹമ്മദ് S/o കുഞ്ഞയമു, വടുവ ടൻ, വാഴേങ്കട<br>5. കറുപ്പത്താമൻ S/o പീലി, ആനമങ്ങാട്.പി<br>6. ശ്രീ.അയ്യപ്പൻ, കൊട്ടേക്കാട് ആലിപ്പറമ്പ് പി.<br>7. ശ്രീ.രാമൻകുട്ടി S/o നാരായണൻ, താ തൊടി, താഴേക്കോട് എന്നീ കക്ഷികൾ പണി പൂർത്തീകരിക്കുകയോ അല്ലാ പക്ഷം കൈപ്പറ്റിയ തുക പലിശയടക്കം തി ച്ചടക്കുകയോ ചെയ്യണമെന്ന് ആവശ്യ രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ട്. | | | |
| തിരൂർ ബ്ളോക്ക് പഞ്ചായത്ത് ഓഡി ഖണ്ഡിക 2(12)<br>ഖണ്ഡിക 2 (12)ൽ ഉൾപ്പെട്ട ക്രമനം. 1 മുത 6 വരെയുള്ള പ്രവൃത്തികളുടെയും ക്രമനം 9,1 എന്നീ പ്രവർത്തികളുടെയും ഫയലുകൾ മല ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറ ടറു നേതൃത്വത്തിൽ നടന്ന പ്രാദേശിക പരിശോധ യുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ല ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറു 20.03.2012 ലെ എൽ.എഫ്. / എം 14/191/2010 നമ്പ പ്രാദേശിക പരിശോധന റിപ്പോർട്ട് പ്രകാ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ളവയുമാണ്.<br>അവശേഷിക്കുന്ന ക്രമനം. 7,8,10,11,12,15 എന | | | |

| | | | |
|---|---|---|---|
| | | | പ്രവൃത്തികളുടെ ഫയലുകൾ / എം.ബുക്കു എന്നിവ പൂർത്തീകരണ വിവരം ഉൾപ്പെ 11.07.2012ന് മലപ്പുറം ലോക്കൽ ഫണ്ട് ഓഡ ഓഫീസിൽ വെച്ചുനടന്ന പ്രാദേശിക പരിശേ നയ്ക്ക് ഹാജരാക്കിയിട്ടുള്ളതാണ്. ക്രമനം മാങ്ങാട്ടിരി ശ്മശാനം ഷെഡ് (ഓഡിറ്റിൽ പ മർശിച്ചിട്ടുള്ളത് മാങ്ങാട്ടിരി പട്ടികജ്യാ ശ്മശാനം റോഡ് എന്നാണ്) എന്ന പ്രവൃത യുടെ കൺവീനർക്ക് ചെക്ക്നം. 59855 തീയ 23.03.2000 പ്രകാരം 6250/- രൂപ മുൻകൂർ അ വദിച്ചിട്ടുള്ളത് റവന്യു റിക്കവറി മുഖേന തിരി ഈടാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സിലെ 05.03.2003ലെ സി. 317/2003 നമ്പ കത പ്രകാരം ആർ.ആർ. റിക്വസിഷൻ ജില്ലാ ക ക്ടർക്ക് സമർപ്പിച്ചിരുന്നെങ്കിലും ഗുണഭോക സമിതി ഏറ്റെടുത്ത് നടത്തുന്ന പൊതുമരാമത പണികളുടെ നഷ്ടം കരാറുകാരനിൽ നിന്നു ഈടാക്കുന്നതിന് കേരള റവന്യു റിക്കവ ആക്ടിൽ വ്യവസ്ഥയില്ലെന്നു കാണിച്ച് മേ റിക്വിസിഷൻ തിരിച്ചയയ്ക്കുകയാണുണ്ടായത ടി കത്തുകളുടെ പകർപ്പ് ഇതോടൊന്നി ഉള്ളടക്കം ചെയ്യുന്നു. |
| | | | പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ഓഡി ഖണ്ഡിക 2(7)<br>ടി പ്രവൃത്തിയുടെ കൺവീനർ ശ്രീ.പി മാക്കപ്പമരണപ്പെട്ടിട്ടുള്ളതും ശ്രീ.പി.ഗോഗുന് ന കൺവീനറായി കരാർ വെച്ചിട്ടുള്ള മാണ പ്രവൃത്തി പൂർത്തിയാകാത്ത സാഹചര്യത്തിൽ വർക്ക് നിർത്തി വെക്കാൻ ബ്ലോക്ക് പഞ്ചായ തത് ഭരണസമിതി ആവശ്യപ്പെടുകയും ആ |

12

| | | | |
|---|---|---|---|
| | | | കൺവീനർ കൈപ്പറ്റിയ 27,900/- രൂപ [illegible] വന്ന കൺവീനർ ശ്രീ.പി.ഗോക[illegible]ർദാസ് ബ്ളോക്ക് പഞ്ചായത്തിൽ അടവാക്കുകയു[illegible] ചെയ്തിട്ടുണ്ട്. (രശീതി നം: 81 തീയതി 29.12.2011; മേൽ വിവരം 24.01.2012ലെ ബി. /1479/05 നമ്പർ കത്ത് മുഖേന മലപ്പുറം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതുമാണ്. |
| | | | പെരുമ്പടപ്പ് ഓഡിറ്റ് ഖണ്ഡിക 2(18)<br><br>ഇ.എ.എസ് 98 -99 കുമ്മിപ്പാലം പമ്പ് ഹൗസ് നിർമ്മാണം കൺവീനർക്ക് 50,000/- രൂപ അഡ്വാൻസായി നൽകിയത് പലിശയടക്കം 92550/- രൂപ റവന്യൂ റിക്കവറു മുഖേന തിരി[illegible] പിടിച്ചിട്ടുണ്ട്. ആർ.ആർ നടപടി പൂർത്തിയ[illegible]യിട്ടുണ്ട്. |
| | 3.71.7 | | കുറ്റിപ്പുറം ഓഡിറ്റ് ഖണ്ഡിക 3(17)<br>1999- 2000 വർഷത്തെ പകരനല്ലൂർ- ഊരോത്ത് പള്ളിയാൽ നല്ലാനി പൊറ്റ എന്നീപട്ടികജാതി കോളനികളിൽ വൈദ്യുതീകരണം എന്ന പ്രോജക്ട് പ്രകാരം വളാഞ്ചേരി കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത 4,55,347 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. |
| | | | <u>തിരൂർ ബ്ളോക്ക് പഞ്ചായത്ത്</u><br><br><u>ഖണ്ഡിക 2(11) (1) ചേന്നര പെരുന്തുരുത്തി വടക്കേത്തറ വൈദ്യുതീകരണം - പൂർത്തീകരണ വി[illegible]ം ലഭ്യമല്ല.</u> |

| | | | |
|---|---|---|---|
| | | | **ഖണ്ഡിക : (11) (2) ഉല്ലാസ് നഗർ വൈദ്യുതീകരണം -പൂർത്തീകരണ വിവരം ലഭ്യമല്ല.**<br><br>മേൽ പറഞ്ഞ രണ്ട് പ്രവൃത്തികളുടെയും പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതിനായി ഈ ഓഫീസിലെ 17.12.2008, 20.01.2009, 16.12.2011, 28.07.2012 എന്നീ തീയതികളിലെ ഇ- 345/2006 നമ്പർ കത്തുകൾ പ്രകാരം ആലത്തിയൂർ കെ.എസ്.ഇ.ബി സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തുകൾ നൽകിയെങ്കിലും നാളിതുവരെ പ്രവൃത്തികൾ സംബന്ധിച്ച് പൂർത്തീകരണ വിവരവും തുക വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രണ്ട് പ്രവൃത്തികളും പൂർത്തിയായവയാണെന്നാണ് നേരിട്ടുള്ള അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. പ്രവൃത്തികൾ സംബന്ധിച്ച് ഫയലിൽ പ്രവൃത്തി പൂർത്തീകരണ വിവരങ്ങളുടെ അഭാവം നിലനിൽക്കുന്നു |
| | | | **വേങ്ങര ബ്ലോക്ക് പഞ്ചായത്ത്**<br>**(ഓഡിറ്റ് ഖണ്ഡിക 3(4))**<br><br>**ചെറുശ്ശോല വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നിക്ഷേപിച്ച 35000/- രൂപ വിനിയോഗിച്ച് മേൽ പ്രവർത്തി**<br>**2001-02 വർഷത്തിൽ തന്നെ പൂർത്തീകരിച്ചതായി എടരിക്കോട് കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർ 10.05.2012ലെ ഡി.ബി / വർക്ക് 12-13/25 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. തെക്കേകുളമ്പ് താഴേക്കപ്പട് ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് കോട്ടക്കൽ കെ.എസ്.ഇ.ബിയിൽ** |

| | | | |
|---|---|---|---|
| | | | നിക്ഷേപിച്ച 35035/- രൂപ ഉപയോഗിച്ച് മേൽ പ്രവർത്തി പൂർത്തീകരിച്ചതായി 07.03.2009ലെ ഡി.ബി / യു.സി /08-09/2006 നമ്പർ കത്ത് പ്രകാരം കോട്ടക്കൽ കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |
| | | | കുറ്റിപ്പുറം ബ്ളോക്ക് പഞ്ചായത്ത് , ഓഡിറ്റ് ഖണ്ഡിക 46, 3 (19)<br><br>1999-2000 വർഷത്തെ മൈത്രി ഭവന പദ്ധതി എന്ന പ്രോജക്ട് പ്രകാരം മലപ്പുറം കെ.എസ്.എച്ച്.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത 8,37,500 രൂപയുടെ വി‌.. യോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. |
| | | | പെരുമ്പടപ്പ് - ഓഡിറ്റ് ഖണ്ഡിക 2(10)<br>പാലപ്പെട്ടി ഗവ. ഹൈസ്ക്കൂൾ കെട്ടിട നിർമ്മാണത്തിൽ 4 ക്ളാസ്സ് മുറികളും പൂർത്തീകരിച്ച് പ്രവർത്തി പൂർത്തിയാക്കിയതാണ്. സംസ്ഥാന നിർമ്മിതി കേന്ദ്രം തൃശ്ശൂരിന് പലതവണ കത്ത് അയച്ചു. 13.07.2012ന് നിർമ്മിതി തന്ന കത്തിൽ കുറെ പഴയ ഫയലുകൾ ആയതുകാരണമാണ് വൈകിയതെന്നും എത്രയും വേഗം ബിൽ സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |
| | | | പെരുമ്പടപ്പ് - ഓഡിറ്റ് ഖണ്ഡിക 2(14)(1)<br>ഐ.എച്ച്.ഡി.പി കോളനി വൈദ്യുതീകരണം പൂർത്തിയാക്കി കെ.എസ്.ഇ.ബിയിന് നിന്നും പൂർത്തീകരണ പത്രം ലഭിച്ചു. ലോക്കൽ ഫണ്ട് ഓഡിറ്റ് 11.03.2012ന് നടന്ന ലോക്കൽ വെരിഫിക്കേഷന് നേരിട്ട് കണ്ട് ബോധ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പെരുമ്പടപ്പ് - ഓഡിറ്റ് ഖണ്ഡിക 4(14) (2)<br><br>ഭവനം നിർമ്മിക്കുന്ന ഗുണഭോക്താവി 35000/-രൂപ വിതം 30 പേർക്കായി 10,50,000/- രു നിർമ്മിതി കേന്ദ്രത്തിന് നൽകിയിരുന്നു. 26 ഭ പ്രവൃത്തി പൂർത്തീകരിച്ച് തുക കൈപ്പറ്റുക പകുതി നിർമ്മാണം പൂർത്തിയാക്കിയ ര ഗുണഭോക്താക്കൾക്ക് നൽകാൻ ബാക്കിയുള്ള 41000/- രൂപയും പ്രവൃത്തി പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്കുള്ള 70,000/- രൂപയു ഉൾപ്പടെ 1,11,000/- രൂപയിൽ സംസ്ഥാന നിർമ്മിത കേന്ദ്രത്തിന്റെ വിഹിതമായ 3500/- രൂപ കിഴി 107500/- രൂപ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ അക്കൗണ്ടിൽ ഉണ്ടെന്നും ആയതിന് ഒരു ഉത്തരവ ണ്ടായാൽ മാത്രമേ തിരിച്ചുതരാൻ കഴിയൂ എന്നു പൂർത്തിയാക്കാത്ത ഗുണഭോക്താക്ക പൂർത്തിയാക്കിയതായി രേഖാ മൂലം അറിയിച്ചാൽ തുക ഗുണഭോക്താക്കളുടെ പേരിൽ ചെക്കായ അനുവദിക്കാവുന്നതാണെന്നും നിർമ്മിതി കേന്ദ്ര 13/7/12 ന് അറിയിച്ചിട്ടുണ്ട്. ടി കത്ത് 28.07.2012 ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ ചർച്ച ചെയ്തു. മേപ്പടി തുക നിർമ്മിതി കേന്ദ്രത്തിൽ നിന്നും തിരികെ ലഭിക്കുവാൻ സർക്കാർ ഉത്തരവിനായി അപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് |

815/15

| | | | |
|---|---|---|---|
| മങ്കട 2005-2006 | ഓഡിറ്റ് ഖണ്ഡിക 2.61(1) | | വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന മങ്കട ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്ത് വ്യവസായ സംരംഭങ്ങൾക്ക് പശ്ചാത്തല സൗകര്യം ഒരുക്കി ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ സമഗ്രവികസനം സാധ്യമാക്കുന്നതിനാണ് മങ്കട ബ്ളോക്ക് പഞ്ചായത്ത് പാലൂർകോട്ട വ്യവസായ വികസന പ്ളോട്ട് സ്ഥാപിച്ചിട്ടുള്ളത്. 1997-98 വർഷത്തിൽ സ്ഥലം വിലയ്ക്ക് വാങ്ങി റോഡ് വൈദ്യുതി, വെള്ളം ചുറ്റുമതിൽ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി 34 പ്ളോട്ടുകളായി തിരിച്ച് 2000-01 വർഷത്തിൽ പ്ളോട്ടുകൾ വ്യവസായ സംരംഭകർക്കായി അനുവദിച്ച് തുടങ്ങി. തവണ വ്യവസ്ഥയിലാണ് പ്ളോട്ടുകൾ അനുവദിച്ചിട്ടുള്ളത്. സംരംഭകർ മൊത്തം വിലയുടെ 20% മുൻകൂറായും ബാക്കി തുക 10 തുല്യ ഗഡുക്കളായി 6% വാർഷിക പലിശ സഹിതം ഓരോ വർഷം അടച്ചുതീർക്കേണ്ടതാണ്. വിഭാവനം ചെയ്ത വേഗതയിൽ സംരംഭങ്ങൾ സ്ഥാപിതമായെങ്കിലും നിലവിൽ 25 പ്ളോട്ടുകളിലും പ്ളോട്ട് നം. ബി.10നോട് ചേർന്ന് വടക്ക്ഭാഗത്ത് നിൽക്കുന്ന ചെറിയ പ്ളോട്ടുമായി 13 യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. |
| | ഓഡിറ്റ് ഖണ്ഡിക 2.61 (2) | | ബ്ളോക്കിലെ എസ്.ജി.എസ്.വൈ, ഐ.ആർ.ഡി.പി യൂണിറ്റുകളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വേണ്ടി ഒരു ചന്ത ബ്ളോക്ക് പഞ്ചായത്തിന്റെ അധീനതയിൽ നിർമ്മിച്ചിരുന്നു... ഭാവി പ്രവർത്തനങ്ങൾക്കായി പ്രസ്തുത കെട്ടിടം മക്കരപറമ്പ് ഗ്രാമപഞ്ചായത്ത് കൈമാറിയിരുന്നു. പിന്നീട് മക്കരപറമ്പ് ഗ്രാമപഞ്ചായത്ത് അവരുടെ 2009-10, 2010-11 വാർഷിക പദ്ധതികളിൽ അനുബന്ധ പ്രവർത്തികൾക്കായി പ്രോജക്ടുകൾ ഉൾപ്പെടുത്തിയിരുന്നു |

| | | | | |
|---|---|---|---|---|
| 2 | 2006-07 തിരൂരങ്ങാടി | 3.7.3.1 | | തിരൂരങ്ങാടി താലൂക്ക് സഹകരണ കോളേജിന് കെട്ടിട നിർമ്മാണം എന്ന പ്രോജക്ടിന് ബ്ലോക്ക് പഞ്ചായത്ത് 2 ലക്ഷം രൂപ ( രണ്ട് ലക്ഷം) വകയിരുത്തിയിരുന്നു. എങ്കിലും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി വിഹിതം ഉൾപ്പെടുത്തി ജനറൽ പ്രോജക്ട് തയ്യാറാക്കി ബിഎൽടിഎസി,ഡിപിസി എന്നിവയുടെ അംഗീകാരം വാങ്ങി പ്രോജക്ട് നടപ്പിലാക്കിയത് പരപ്പനങ്ങാടി ഗ്രാമ പഞ്ചായത്താണ്. പദ്ധതി നിർവ്വഹണം നടത്തിയത് പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് ആയതിനാലാണ് ബ്ലോക്ക് പഞ്ചായത്ത് സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങാതിരുന്നത്. |

| | | | | |
|---|---|---|---|---|
| | | 3.7.3..2 | | ഓഡിറ്റ് പരാമർശത്തിനുള്ള വിശദമായ മറുപടി 2002-03 വർഷത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. എം. ദേവദാസനിൽ നിന്ന് വാങ്ങി ലോക്കൽ ഫണ്ട് ഓഡിറ്റിന് യഥാസമയം സമർപ്പിച്ചിരുന്നു. എന്നാൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 05.11.2009 ലെ എൽ.എഫ്.എം. 17/1961/2009 നമ്പർ കത്ത് പ്രകാരം മറുപടി തൃപ്തികരമല്ലായെന്ന് അറിയിച്ചിരുന്നു.<br>കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം ജോലിക്ക് കൂലി ഭക്ഷണം എന്ന പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ലേബർ/ മെറ്റീരിയൽ അനുപാതം യഥാക്രമം 60:40 എന്ന ക്രമത്തിൽ ആകണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ തൊഴിൽ ദിനത്തിലും കുറഞ്ഞത് 3 കി.ഗ്രാം ഭക്ഷ്യധാന്യം എന്ന തോതിൽ പരമാവധി 10 കി.ഗ്രാം വരെ നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭക്ഷ്യധാന്യത്തെ സംബന്ധിച്ചിടത്തോളം |

| | | | | |
|---|---|---|---|---|
| | | | | പ്രവൃത്തിയുടെ ആരംഭഘട്ടത്തിൽ പലപ്പോഴും ഭക്ഷ്യധാന്യം കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായി എന്ന് വരികയില്ല. ഭക്ഷ്യധാന്യം അനുവദിക്കുമ്പോൾ തന്നെ എഫ്.സി.ഐ യിൽ നിന്ന് ധാന്യം എടുത്ത് വിതരണം ചെയ്യുന്നതിന് ഒരു നിശ്ചിത സമയപരിധി കേന്ദ്രസർക്കാർ നിശ്ചയിക്കാറുണ്ട്. ആകയാൽ ധാന്യം ലഭ്യമാകുമ്പോൾ ആയത് മുഴുവനും യഥാസമയം തന്നെ എഫ്.സി.ഐ യിൽ നിന്നെടുത്ത് സാങ്കേതിക വിഭാഗം ജീവനക്കാരുടെ ശുപാർശയുടെ അടിസ്ഥാനത്തിലും മസ്റ്റർ റോൾ പ്രകാരവും കൺവീനർമാർക്ക് അനുവദിക്കാം.<br>ഇത്തരത്തിൽ മേൽ പ്രവൃത്തിക്കും മസ്റ്റർ റോൾ പ്രകാരമുള്ള ഭക്ഷ്യധാന്യം മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആകയാൽ സർക്കാരിന് ഈ പ്രവൃത്തിമൂലം നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | 2006-2007 കുറ്റിപ്പുറം | 3.74.1 | | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിലെ മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സ്ഥലം വാങ്ങിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ അന്നത്തെ സെക്രട്ടറിയും, ഭരണസമിതി അംഗങ്ങൾക്കുമെതിരെ റവന്യൂറിക്കവറി നടപടി സ്വീകരിക്കാൻ സർക്കാർ നിർദ്ദേശം നല്കിയെങ്കിലും ഭരണസമിതി അംഗങ്ങൾ ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും വകുപ്പുമന്ത്രി മുമ്പാകെ നിവേദനം സമർപ്പിച്ചതിനെത്തുടർന്ന് റവന്യൂറിക്കവറി നടപടികൾ 2 മാസത്തേക്ക് proceed ചെയ്യേണ്ടതില്ലെന്ന് ബഹു: മന്ത്രി 29.06.12-ൽ ഉത്തരവാകുകയും പ്രസ്തുത വിവരം 7.7.12-ലെ 10657/എസി2/12/തസ്വഭവ നമ്പർ സർക്കാർ കത്ത് മുഖേന കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 3 | 2006-07<br><br>പൊന്നാനി | 3.75.1 | | ഓഡിറ്റ് പരാമർശ പ്രകാരം നഷ്ടത്തിനുത്തരവാദിയായി പരാമർശിച്ചിട്ടുള്ള എസ്.സി.ഡി.ഒ ശ്രീ.മണി കളമുക്കിലിന് കത്ത് അയച്ചിട്ടുള്ളതും വിശദമായ മറുപടി നൽകുന്നതിന് സമയം ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. പ്രസ്തുത വിവരം മലപ്പുറം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതുമാണ്. 19.03.2008-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.എം 10/1003/07 നമ്പർ കത്ത് പ്രകാരം നഷ്ടം ഉത്തരവാദിയായ എസ്.സി.ഡി.ഒയിൽ നിന്ന് ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br>അതിൻ പ്രകാരം 28.01.2012-ന് തുക തിരിച്ചടക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് കത്തയച്ചിരുന്നു. എന്നാൽ ടിയാൻ മറുപടി നൽകാത്ത സാഹചര്യത്തിൽ 16.02.2012-ന് രജിസ്റ്റേഡ് കത്തയച്ചിട്ടുണ്ട്. ആയതിന് മറുപടി കിട്ടാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.<br>ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള ഇ.ഒ (ഐ.ആർ.ഡി) ശ്രീ.ജനാർദ്ദനൻ നായരുടെ വിലാസം ലഭ്യമല്ലാത്തതിനാൽ |

| | | | | |
|---|---|---|---|---|
| | | | | ടിയാനിൽ നിന്നും വിശദീകരണം ലഭ്യമാകുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണെന്ന വിവരം മലപ്പുറം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതാണ്. 19.03.2008-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.എം.10/1003/07 നമ്പർ കത്ത് പ്രകാരം നഷ്ടസംഖ്യയായ 59,000/- രൂപ 12 ശതമാനം പലിശസഹിതം ശ്രീ.ജനാർദ്ദനൻ നായരുടെ പക്കൽ നിന്ന് ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, മേൽവിലാസം കണ്ടെത്തി ടി തുക തിരിച്ചടക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് 23.02.2012-ന് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. |
| | | | | |

| | | | | |
|---|---|---|---|---|
| | | 3.75.2 | | ഓഡിറ്റ് പരാമർശ പ്രകാരം നഷ്ടത്തിനുത്തരവാദിയായി പരാമർശിച്ചിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.സി.രാമദാസിന് അയച്ച കത്തിന് ടിയാൻ മറുപടി നൽകിയിട്ടുള്ളതും പ്രസ്തുത വിവരം വിശദീകരണം സഹിതം മലപ്പുറം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതുമാണ്. 19.3.08-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.എം 10/1003/07 നമ്പർ കത്ത് പ്രകാരം നഷ്ടത്തിനുത്തരവാദിയായ എ.ഇയിൽ നിന്നും നഷ്ടസംഖ്യ ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നഷ്ടസംഖ്യ ഓഫീസിൽ അടവാക്കണമെന്നാവശ്യപ്പെട്ട് ടിയാന് കത്ത് അയച്ചു (നം:ബി-447/07. തീയതി: 28.01.2012) ആയതിന് മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഒരാഴ്ചക്കം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച സംഖ്യ തിരിച്ചടക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളുന്നതാണെന്ന് കാണിച്ച് റെജിസ്റ്റേഡ് കത്തയച്ചു. (നം.ബി-447/07 തീയതി-16/02/2012). ടിയാൻ ഇതിന് സമർപ്പിച്ച വിശദീകരണ കത്തിന്റെ പകർപ്പ് മലപ്പുറം ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്ന പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | ടിയാനിൽ നിന്നും വിശദീകരണം ലഭ്യമാക്കുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണെന്ന വിവരം മലപ്പുറം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതാണ്. 19.03.2008-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.എം.10/1003/07 നമ്പർ കത്ത് പ്രകാരം നഷ്ടസംഖ്യയായ 59,000/- രൂപ 12 ശതമാനം പലിശസഹിതം ശ്രീ.ജനാർദ്ദനൻ നായരുടെ പക്കൽ നിന്ന് ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, മേൽവിലാസം കണ്ടെത്തി ടി തുക തിരിച്ചടക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് 23.02.2012-ന് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.